

# പള്ളിപ്പുറത്തച്ചൻ

(ആചാര്യ പാലയ്ക്കൽ തോമ്മാ മല്പാൻ 1780–1841)

ഫാ. വിൻസെന്റ്, ചേർത്തല CMI
പണിക്കാപറമ്പിൽ

വി.പി. കമ്മ്യൂണിക്കേഷൻസ്, ചേർത്തല Mob: 9544719479

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പള്ളിപ്പുറത്തച്ചൻ

## (ആചാര്യ പാലയ്ക്കൽ തോമ്മാ മല്പാൻ)

## (1780 – 1841)

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ഫാ. വിൻസെന്റ്, ചേർത്തല
(പണിക്കാപറമ്പിൽ CMI)

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

**Pallippurathachan**
(Malayalam)

| | | |
|---|---|---|
| Author | : | **Fr. Vincent Cherthala C.M.I.** |
| Copyright | : | By the Author |
| Page layout and design | : | VinoshPonnurunni |
| Cover design | : | Davis Column |
| Published by | : | Author |
| Printing | : | Oracle, Ernakulam |
| Published on | : | January 2022 |
| Price | : | Rs. 60/- |


CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ആമുഖം

സ്നേഹമുള്ളവരെ,

പള്ളിപ്പുറത്തിന്റെ അഭിമാനവും കേരള സുറിയാനിസഭയുടെ പ്രഗൽഭനായ മല്പാനുമായിരുന്ന പെ. ബഹു. പാലയ്ക്കൽ തോമ്മാ മല്പാനെപ്പറ്റി സി.എം.ഐ. സന്യാസ സഭയുടെ സ്ഥാപക പിതാക്കളിൽ ഒന്നാമനായ പാലയ്ക്കൽ തോമ്മാ മല്പാനെപ്പറ്റി എന്തുകൊണ്ടാണ് ഒരു പുസ്തകം രചിച്ച് പ്രസിദ്ധീകരിക്കാതിരുന്നത്? - അതേസമയം, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെപ്പറ്റിയും ബഹു. പോരൂക്കര തോമ്മാ കത്തനാരെപ്പറ്റിയും പുസ്തകങ്ങൾ രചിച്ചു പ്രസിദ്ധീകരിക്കുകയും ചെയ്തത് എന്തുകൊണ്ടായിരുന്നു എന്ന സി.എം.ഐ. സഭയുടെ കളമശേരി എസ്.എച്ച്. പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ പെ. ബഹു. ബെന്നി നൽക്കര എന്നോട് ചോദിച്ചതിനുള്ള മറുപടികൂടിയായിട്ടാണ് ഈ പുസ്തകരചന ഞാൻ ആരംഭിച്ചത്.

2022 ജനുവരി 16-ാം തീയതി ബഹു. തോമ്മാ മല്പാന്റെ ചരമവാർഷിക ദിനമാണ്. അന്നേദിവസം അദ്ദേഹത്തിന്റെ ഇടവകയും അദ്ദേഹത്തിന്റെ പൂജ്യശരീരം അടക്കം ചെയ്തിട്ടുള്ളതുമായ പള്ളിപ്പുറം പള്ളിയിൽവച്ച് ദിവ്യബലിയും അനുസ്മരണ പരിപാടികളും നടത്തുന്നുണ്ട്. ഈ അവസരത്തിൽ പ്രകാശനം ചെയ്യാൻ ഉതകുന്നവിധത്തിൽ പുസ്തകം പൂർത്തിയാക്കണം എന്ന ഉദ്ദേശത്തോടെയാണ് ഈ ഉദ്യമത്തിന് തുടക്കമിട്ടത്.

ഈ പുസ്തകത്തിന് ഒരു പേര് കൊടുക്കേണ്ടതുണ്ടല്ലോ. എന്ത് പേര് കൊടുക്കണമെന്നാലോചിച്ചപ്പോൾ പള്ളിപ്പുറം ഇടവകക്കാരനും അവിടെ വൈദിക പരിശീലന സെമിനാരി നടത്തിയവനുമായ ബഹു. തോമ്മാ മല്പാനപ്പറ്റിയുള്ള പുസ്തകത്തിന് "പള്ളി

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

പ്പുറത്തച്ചൻ പാലയ്ക്കൽ തോമ്മാ മല്പാൻ)" എന്നതാണ് ഉചിതമെന്ന് തോന്നി.

ഈ പുസ്തകരചനയ്ക്കാവശ്യമായ കാര്യങ്ങൾ ശേഖരിക്കുന്നതിനായി പല സ്ഥലങ്ങളും സന്ദർശിക്കേണ്ടിവന്നു. പാലക്കൽ തോമ്മാ മല്പാനെപ്പറ്റി കൂടുതൽ അറിയാൻ പുരാതനവും പാലക്കൽ മല്പാനച്ചന്റെ ഇടവകയുമായ പള്ളിപ്പുറം പള്ളിയിൽ പോയി. അവിടെ അദ്ദേഹത്തിന്റെ പൂജ്യശരീരം അടക്കം ചെയ്ത കബറിടം സന്ദർശിച്ചു. അവിടെ അടുത്തുള്ള കുടുംബവീട് അന്വേഷിച്ചു. ബന്ധുക്കൾ ആരെങ്കിലും അവിടെ താമസിക്കുന്നുണ്ടോ എന്നന്വേഷിച്ചു.

കിഴക്കേ അങ്ങാടിയിലാണ് പാലക്കലച്ചന്റെ കുടുംബവീട്. ഇപ്പോൾ അവിടെ അതൊന്നും ഇല്ല. അവിടെ ഒരു ചെറിയ മുറി പണിയിച്ച് അതിൽ പാലക്കൽ മല്പാനച്ചന്റെ ഒരു വലിയ ചിത്രം വച്ചിട്ടുണ്ട്. ആ പറമ്പ് പള്ളിപ്പുറം പള്ളി വാങ്ങി. അവിടെ ഒരു നേഴ്സറി സ്കൂൾ പണിതിട്ടുണ്ട്.

ഇതിനടുത്തായി ഒരു ക്ലാരമഠമുണ്ട്. അവിടെയും അടുത്തുള്ള പാലക്കൽ എന്ന വീട്ടിലും പോയി. മഠത്തിൽ നിന്നും പാലക്കലച്ചനെപ്പറ്റി ഒരു പുസ്തകം കിട്ടി. പാലക്കൽ വീട്ടിൽ നിന്നും ഒന്നും കിട്ടിയതുമില്ല.

ചരിത്രകാരനായ ബഹു. മത്തിയാസ് മുണ്ടാടനച്ചൻ ആലുവായിൽ "ആചാര്യ പാലക്കൽ" എന്ന സ്ഥാപനത്തിന്റെ ഡയറക്ടറായിരിക്കുമ്പോൾ ഒരു പുസ്തകം പാലക്കലച്ചനെപ്പറ്റി എഴുതാൻ തുടങ്ങിയിരുന്നു. അതിനെപ്പറ്റി അന്വേഷിച്ച് ആലുവ ആശ്രമത്തിലെത്തി. അപ്പോഴാണറിയുന്നത് ആ പുസ്തകം പൂർത്തിയാക്കും മുമ്പ് അദ്ദേഹം മരിച്ചുപോയിയെന്ന്.

പിന്നീട് ഞാൻ അന്വേഷിച്ചുപോയത് കാക്കനാടുള്ള സി.എം.ഐ. സഭയുടെ ജനറൽ ഹൗസിലാണ്. അവിടെയുള്ള 'ആർക്കയ്‌വ്സിൽ' എന്തെങ്കിലും കാണാമെന്ന് പ്രതീക്ഷിച്ചായിരുന്നു യാത്ര. നേരത്തേ അറിയിച്ചിരുന്നതുകൊണ്ട് ആർക്കയ്‌വ്സിന്റെ ചുമതലയുള്ള അച്ചൻ കിട്ടാവുന്ന ഡോക്യുമെന്റ്സ് എടുത്തുവച്ചിരുന്നു.

www.TheCMSIndia.org

പാലക്കൽ മല്പാനെപ്പറ്റി കൂടുതൽ അറിവ് അവിടെനിന്നും കിട്ടാൻ പ്രയാസമാണ് എന്ന് അറിഞ്ഞു. വിശുദ്ധനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തന്റെ ഗുരുവായിരുന്ന പാലക്കലച്ചനെക്കുറിച്ച് എഴുതിയ പുസ്തകത്തിന്റെ കോപ്പിയാണ് അവിടെ നിന്നും ലഭിച്ചത്. അത് 1905-ൽ പ്രസിദ്ധീകരിച്ചതായിരുന്നു. അതോടുകൂടി ബഹു. റൊമയോ പട്ടശ്ശേരി സി.എം.ഐ. എഴുതി പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ കോപ്പിയും ജെ. നാലുപറയിൽ എഴുതിയ ഒരു പുസ്തകത്തിന്റെ കോപ്പിയും ശ്രീമാൻ വർഗീസ് കാഞ്ഞിരത്തുങ്കൽ എഴുതി പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ കോപ്പിയുമാണ് ലഭിച്ചത്. ഡോ. തോമസ് പാലക്കൽ എഴുതി പ്രസിദ്ധീകരിച്ച ഒരു പുസ്തകം നേരത്തേതന്നെ എനിക്ക് ലഭിച്ചിരുന്നു.

എന്നാൽ ഇതിലൊന്നും മല്പാനച്ചനെപ്പറ്റി കൂടുതൽ കാര്യങ്ങൾ ഇല്ലായിരുന്നു. ഇങ്ങനെ എനിക്ക് ലഭിച്ച പുസ്തകങ്ങൾ വച്ചുകൊണ്ടാണ് ഈ പുസ്തകം എഴുതാൻ തുടങ്ങിയത്. ഇപ്രകാരം സി.എം.ഐ. സഭയുടെ സ്ഥാപക പിതാക്കന്മാരിൽ ഒന്നാമനായ പാലക്കൽ തോമ്മാ മല്പാനെപ്പറ്റി – ആരായിരുന്നു പാലക്കൽ മല്പാൻ? എവിടുത്തുകാരനാണ്? എന്നാണ് ജനിച്ചത്? മാതാപിതാക്കൾ ആരായിരുന്നു? കുടുംബപശ്ചാത്തലം എന്തായിരുന്നു? അദ്ദേഹത്തിന്റെ ബാല്യകാലം, വിദ്യാഭ്യാസം, ദൈവവിളി, വൈദികപട്ടം, പ്രവർത്തനങ്ങൾ, വരാപ്പുഴ മെത്രാപ്പോലീത്തായുടെ സെക്രട്ടറി, പള്ളിപ്പുറത്തെ സെമിനാരി റെക്ടർ (മല്പാൻ) സഭയ്ക്കുവേണ്ടി ചെയ്ത പ്രവർത്തനങ്ങൾ, സന്യാസജീവിതാഗ്രഹം, അതിനുവേണ്ടിയുള്ള പ്രവർത്തനം, മാന്നാനത്ത് സി.എം.ഐ. സന്യാസ ആശ്രമ സ്ഥാപനം, അദ്ദേഹത്തിന്റെ അന്ത്യദിനങ്ങൾ, അദ്ദേഹത്തിനു വൈദികപരിശീലനം കൊടുത്ത കുത്തിയതോട്ടുകാരനായ അബ്രാഹം മല്പാനെപ്പറ്റിയെല്ലാം.

ഇപ്രകാരം അനേകം കാര്യങ്ങൾ ഈ പുസ്തകത്തിലൂടെ പറയാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഒരു പുണ്യവാനെപ്പോലെ ജീവിച്ച, വനവാസംപോലും ആഗ്രഹിച്ച് സന്യാസജീവിതം ഒത്തിരി ആഗ്രഹിച്ചെങ്കിലും മാന്നാനത്ത് പതിനൊന്നു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പിതാക്കന്മാർ സന്യാസവ്രതം ചെയ്തു സന്യാസ ജീവിതം ആരംഭിച്ചപ്പോൾ അതിൽപ്പെടാൻ സാധിക്കാതെ ഒരു വിശുദ്ധനെപ്പോലെ ജീവിച്ച് 1841 ജനുവരി 16-ാം തീയതി മരിച്ച് പള്ളിപ്പുറത്ത് അടക്കം ചെയ്തിരിക്കുന്ന പാലക്കൽ തോമ്മാ മല്പാനെപ്പറ്റി എഴുതിയിട്ടുള്ള “പള്ളിപ്പുറത്തച്ചൻ - പാലക്കൽ തോമ്മാ മല്പാൻ”- എന്ന ഈ പുസ്തകം നിങ്ങൾ ഏവരുടെയും മുൻപിൽ ഞാൻ സവിനയം അവതരിപ്പിക്കുന്നു.

**ഫാ. വിൻസെന്റ്, ചേർത്തല**
(പണിക്കാപറമ്പിൽ)
ഫോൺ: 9544719479

സെന്റ് സെബാസ്റ്റ്യൻസ്
കാർമൽ ഹൗസ്
കൊട്ടാരപ്പള്ളി, ടി.വി. പുരം
വൈക്കം
01.01.2022

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

## ആശംസ

"പള്ളിപ്പുറത്തച്ചൻ" എല്ലാ അർത്ഥത്തിലും പുണ്യചരിതനായ പാലക്കൽ തോമ്മാ മല്പാനെ നമുക്ക് പരിചിതനാക്കുന്ന ഗ്രന്ഥം തന്നെ.

പള്ളിപ്പുറം സെന്റ് മേരീസ ഫൊറോനാ പള്ളിയുടെ വികാരിയെന്ന രീതിയിലും കേരളസഭയിലെ അംഗമെന്ന രീതിയിലും, തോമ്മാ മല്പാൻ എന്ന പുണ്യാത്മാവിനെ പരിചയപ്പെടുത്തുവാനായി ഈ ഗ്രന്ഥം രചിച്ച ബഹു. വിൻസെന്റ് പണിക്കാപറമ്പിലച്ചനെ പ്രത്യേകമായി അഭിനന്ദിക്കുകയും അദ്ദേഹത്തിന് നന്ദി പറയുകയും ചെയ്യുന്നു.

ഇന്ന്, നമ്മൾ ഉപയോഗിക്കുന്നതും ആചരിക്കുന്നതുമായ ഭക്തകർമ്മങ്ങളും മറ്റും, നമുക്കായി ലഭ്യമായതിന്റെ പിന്നിൽ, ദൈവാനുവർത്തിയായി, സഭയുടെ നന്മയ്ക്കും വളർച്ചയ്ക്കുമായി കഠിനാധ്വാനം ചെയ്ത പാലക്കൽ തോമ്മാ മല്പാനെ കൂടുതലടുത്തറിയാൻ ഈ പുസ്തകം സഹായകരമാകും.

പുണ്യസ്മരണാർഹനായ തോമ്മാ മല്പാൻ തുടങ്ങിവച്ച വളരെ കാര്യങ്ങൾ, കേരളസഭാ വൈദികരുടെ വെള്ള ളോവ തുടങ്ങി, ആദ്യകാല പരിശീലന ഗ്രന്ഥങ്ങൾ തുടങ്ങി എത്രയെത്ര ഭക്താനുഷ്ഠാനങ്ങൾ.....

ഈ ഗ്രന്ഥം വായനക്കാർക്ക്, പ്രത്യേക ദൗത്യബോധമുണർത്താൻ ഇന്നും സഹായകരമായ രീതിയിൽ, നമുക്കായി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുന്ന പെ. ബഹു. തോമ്മാ മല്പാനെ കാണിച്ചുതരും.

**ഫാ. തോമസ് വൈക്കത്തുപറമ്പിൽ**
വികാരി, സെന്റ് മേരീസ് ഫൊറോന പള്ളി
പള്ളിപ്പുറം – ചേർത്തല

31.12.2021
പള്ളിപ്പുറം

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പള്ളിപ്പുറത്തച്ചൻ

## പള്ളിപ്പുറം ഫൊറോനാ പള്ളി

യേശുക്രിസ്തുവിന്റെ 12 ശിഷ്യന്മാരിൽ ഒരാളായ വിശുദ്ധ തോമ്മാശ്ലീഹ, ചേർത്തല പ്രദേശത്തെ തന്റെ അനുയായികൾക്കായി ദേവാലയ സ്ഥാപനാർത്ഥം ഒരു കുരിശുപുരയുണ്ടാക്കി. സ്ലീവാ ആശീർവദിച്ചു പ്രതിഷ്ഠിച്ചത്, വേമ്പനാട്ടുകായലിന്റെ പടിഞ്ഞാറേ തീരത്തുള്ള കോക്കമംഗലം കായലിറമ്പിലായിരുന്നു.

മാർത്തോമ്മാ ശ്ലീഹാ കുരിശു സ്ഥാപിച്ച ഇടങ്ങളായിരുന്നു കൊല്ലം, കൊടുങ്ങല്ലൂർ, കോട്ടക്കാവ്, നിരണം, ചായൽ, പാലയൂർ, കോക്കമംഗലം എന്നീ ഏഴു പള്ളികൾ അഥവാ 7 സ്ഥലങ്ങൾ. ഇവിടെയെല്ലാം ക്രിസ്തുവചനം അറിയിക്കുകയും പ്രാരംഭ ക്രൈസ്തവ സമൂഹം ഉടലെടുത്തുവെന്നതുമാണ് പാരമ്പര്യ വിശ്വാസം.

ഇപ്രകാരം കോക്കമംഗലത്തു സ്ഥാപിച്ച സ്ലീവാ മതവിരോധികൾ തകർത്തു കായലിൽ എറിഞ്ഞു കളഞ്ഞു. കായലിൽ എറിയപ്പെട്ട പ്രസ്തുത സ്ലീവാ ഒഴുകി, പള്ളിപ്പുറത്തിന് കിഴക്കുവശമുള്ള വേമ്പനാട്ടുകായൽ മദ്ധ്യത്തിലുള്ള "മാട്ടേൽ" തുരുത്തിൽ ചെന്നടിഞ്ഞു. അവിടെ പുല്ലുചെത്തുവാൻ ചെന്ന ചില ഹൈന്ദവ സ്ത്രീകൾ പുല്ലിനിടയിൽ സ്വർണ്ണംപോലെ തിളങ്ങുന്ന ഏതോ ഒരു വസ്തു കണ്ടു. അതെന്താണെന്നുള്ള ആകാംക്ഷയോടെ ഒരു സ്ത്രീ അരിവാൾകൊണ്ട് അത് കൊത്തിവലിച്ചു നോക്കി. അപ്പോൾ കണ്ടത് മുറിഞ്ഞ ഭാഗത്തുനിന്നും രക്തം ഒലി



www.TheCMSIndia.org

ക്കുന്നതാണ്. അത് വെള്ളത്തിൽ പടരുന്നതായും കണ്ടു. അന്ധാളിച്ചുപോയ ആ സ്ത്രീകൾ വള്ളത്തിൽ പടിഞ്ഞാറെ കരയിലേക്ക് പോയി. വിവരം അവരുടെ മേലാളന്മാരോട് പറഞ്ഞ്, വാർത്ത പലരും അറിഞ്ഞു. കാട്ടുതീപോലെ പരന്നു.

അത്ഭുതകരമായ ആ കാഴ്ച കാണാൻ ആളുകൾ കൂട്ടംകൂട്ടമായി മാട്ടേൽതുരുത്തിലേക്ക് നീങ്ങി. പള്ളിപ്പുറം കരയിലെ ക്രിസ്ത്യാനികളും മാട്ടേൽതുരുത്തിലെത്തി. പ്രകാശമാനമായ ആ വസ്തു, തങ്ങളുടെ ആരാധനാ വിഷയമായ സ്ലീവായാണെന്നു മനസ്സിലാക്കി, അവർ അത് ഭക്തിബഹുമാനപുരസരം എടുത്ത് ഒരു ക്രിസ്തീയഭവനത്തിൽ സ്ഥാപിച്ചു.

പിന്നീട്, ഈ സംപൂജ്യവസ്തു ഈശ്വരചൈതന്യമുള്ള ഒന്നായതുകൊണ്ട്, സ്ത്രീപുരുഷന്മാർ വസിക്കുന്ന ഗൃഹങ്ങളിൽ വച്ചു സൂക്ഷിക്കുക യുക്തമല്ലെന്നും ഒരു ദേവാലയം സ്ഥാപിച്ച് അവിടെ സൂക്ഷിക്കേണ്ടതാണെന്നും പ്രത്യേകം വിളക്കുവയ്പും മറ്റും നടത്തി ആരാധിക്കേണ്ടതാണെന്നും അവർക്ക് തോന്നി. താമസിയാതെ പള്ളിക്കടവിനടുത്ത് വഴിയരുകിൽ ഒരു ചെറിയ ദേവാലയം പണിയിച്ച് സ്ലീവാ അവിടെ പ്രതിഷ്ഠിച്ചു. ക്രമേണ അത് ക്രിസ്ത്യാനികളുടെ പൊതുആരാധന സ്ഥലമായി മാറുകയും ചെയ്തു. (എറണാകുളം അതിരൂപത ചരിത്രാവലോകനം – P. 342–43)

ഇപ്രകാരം കായൽതീരത്തുള്ള പ്രഥമ ദേവാലയം ക്രിസ്തുവർഷം 52-ൽത്തന്നെ രൂപം പ്രാപിച്ചു. പിന്നീട് സൗകര്യാർത്ഥം കുറേക്കൂടി ഉള്ളിലേക്ക് മാറ്റി, ഇപ്പോൾ പള്ളിപ്പുറം ഫൊറോനാ പള്ളി സ്ഥിതിചെയ്യുന്ന സ്ഥലത്ത് നവീന ദേവാലയം സ്ഥാപിക്കപ്പെട്ടു. ഈ ദേവാലയം പല പ്രാവശ്യം പരിഷ്കരിച്ചിട്ടുള്ളതാണെന്ന് ചരിത്രരേഖകൾ തെളിയിക്കുന്നുണ്ട്.

ഈ സ്ലീവായുടെ പ്രശസ്തി നാടാകെ പരക്കുകയും, ജനങ്ങൾ വന്ന് കുരിശിൽ നിന്ന് ചീകി എടുത്തുകൊണ്ടുപോകാനും തുടങ്ങി. ഇത് മനസിലാക്കിയപ്പോൾ, പിന്നീട് പണിയിച്ച വലിയ പള്ളിയിലേക്ക് മാറ്റി വലത്തുവശത്തെ ചെറിയ അൾത്താരയിൽ



www.TheCMSIndia.org

സ്ഥാപിച്ചു. അടുത്ത കാലത്ത് പള്ളി നവീകരിച്ചപ്പോൾ വടക്കു വശത്തെ വരാന്തയുടെ കിഴക്കേ അറ്റത്ത് ഒരു കപ്പേള ഉണ്ടാക്കി അതിൽ എല്ലാ ബഹുമതികളോടെയും സ്ഥാപിച്ചു, വണങ്ങി വരാനും തുടങ്ങി.

## ഇപ്പോഴത്തെ പള്ളിയും പരി. മാതാവിന്റെ അത്ഭുത ചിത്രവും

പോർട്ടുഗീസ് മാതൃകയിൽ പണിയപ്പെട്ടതാണ് ഈ പള്ളി. ഇതിന്റെ മദുബഹായും റാത്തളുമൊക്കെ ചിത്രകലാ വൈഭവം വിളിച്ചറിയിക്കുന്നുണ്ട്.

ഇവിടുത്തെ പ്രധാന ചിത്രം പരിശുദ്ധ മാതാവിന്റേതാണ്. വിശുദ്ധ ലൂക്കാ സുവിശേഷകൻ വരച്ചതാണെന്നും, യൂറോപ്പിലും മറ്റും പണ്ട് വളരെ അത്ഭുതപ്രവർത്തനങ്ങൾക്കിടയായിട്ടുള്ളതാണെന്നും പറയപ്പെടുന്നു. നമ്മുടെ ദേവാലയങ്ങളിൽ പ്രതിഷ്ഠിക്കുന്നതിനായി പോർട്ടുഗീസുകാർ കൊണ്ടുവന്ന പ്രസ്തുതപടത്തിന്റെ ആറുപ്രതികൾ ഇവിടെയെത്തിയപ്പോൾ അത്ഭുതകരമാംവിധം ഏഴായിത്തീർന്നുവെന്നാണ് ഐതിഹ്യം. അങ്ങനെ പോർട്ടുഗീസുകാർ കേരളത്തിലേക്ക് കൊണ്ടുവന്ന ഏഴ് അത്ഭുത പടങ്ങളിൽ ഒന്നാണ് പള്ളിപ്പുറത്ത് അൾത്താരയിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്.

## വൈദികമന്ദിരം - ഇരുനിലമന്ദിരം

1912-ലാണ് പള്ളിക്ക് സമീപം പണി നിർത്തിയിരിക്കുന്ന വൈദികമന്ദിരം പണിചെയ്യപ്പെട്ടത്. പള്ളിയുടെ മുകളിലുള്ള മുറിയിലായിരുന്നു പാലക്കൽ തോമ്മാ മല്പാൻ താമസിച്ചിരുന്നത്. ഇവിടുത്തെ മുകളിലത്തെ വരാന്തയിലായിരുന്നു സെമിനാരി. കിഴക്കേ അറ്റത്ത് സങ്കീർത്തിയുടെ മുകളിൽ മല്പാനച്ചന്റെ മുറിയും പടിഞ്ഞാറെ അറ്റത്ത് ശമ്മാശ്ശന്മാരുടെ മുറിയും നടുവിലത്തെ സ്ഥലം പഠിപ്പിക്കാൻ ഉപയോഗിച്ചിരുന്ന സ്ഥലവുമായിരുന്നു.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

## ചരിത്രപ്രസിദ്ധമായ പള്ളി

പള്ളിപ്പുറംപള്ളി അയൽപള്ളികളുടെ മാതൃസ്ഥാനം വഹിക്കുന്നു. എറണാകുളം രൂപതയുടെ ആരംഭകാലം മുതൽ തന്നെ ഇത് ഒരു ഫൊറോനാപള്ളിയാണ്. ആയിരത്തിലധികം വർഷം പഴക്കമുള്ള ചേർത്തല മുട്ടംപള്ളിയുടെ മാതൃസ്ഥാനം പള്ളിപ്പുറം പള്ളിക്കുണ്ട്. മുട്ടം ഇടവക, പള്ളിപ്പുറത്തുനിന്നും പിരിഞ്ഞുപോയിട്ടുള്ളതാണ്. വൈക്കം, മൂവാറ്റുപുഴ, തൊടുപുഴ എന്നീ താലൂക്കുകളിൽ നിന്നുള്ള യാക്കോബായ സഹോദരന്മാർ കത്തോലിക്കാ ഐക്യത്തിൽ നിന്നും വേർപിരിഞ്ഞവരാണെങ്കിലും ഇടയ്ക്കിടെ മാതൃദേവാലയമായ പള്ളിപ്പുറം സന്ദർശിച്ചു നേർച്ചകാഴ്ചകൾ സമർപ്പിച്ചു പോകുന്നത് ഇന്നും ഒരു പതിവാടിയാണ്. പരിശുദ്ധ മാതാവിനോടും ശുദ്ധീകരാത്മാക്കളോടുമുള്ള ഭക്തി ഇന്നാട്ടുകാരുടെ ഒരു പ്രത്യേകതയായി ഇന്നും നിലനിൽക്കുന്നു.

## പൂജ്യാവശിഷ്ടങ്ങളും പൗരാണികതയും

കേരള സുറിയാനി കാത്തോലിക്കാ സഭയുടെ സ്ഥാപനത്തിലും വളർച്ചയിലും പ്രസിദ്ധിയാർജിച്ചിട്ടുള്ള വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും പുണ്യചരിതനായ പാലക്കൽ തോമ്മാ മല്പാനും പള്ളിപ്പുറത്തു പ്രവർത്തിച്ചുകൊണ്ടിരുന്ന വൈദിക വിദ്യാലയത്തിലെ മല്പാന്മാരായിരുന്നുവെന്നതും 1841 ജനുവരി 16-ാം തീയതി അന്തരിച്ച പാലക്കൽ തോമ്മാ മല്പാനച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ ഇവിടുത്തെ വലിയ മദ്ബഹായുടെ തെക്കേയരികിൽ സ്ഥിതിചെയ്യുന്നുവെന്നതും പ്രത്യേകം പ്രസ്താവ്യമത്രെ.

17-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, അതായത് 1663-ൽ കേരള സുറിയാനി സഭയുടെ ഭരണാധികാരിയായി അഭിഷേകം ചെയ്യപ്പെട്ട പറമ്പിൽ ചാണ്ടി മെത്രാന്റെ വാർദ്ധക്യകാലത്ത് തന്റെ സഹായിയായി ലഭിച്ച ഫിഗറേദോ എന്ന യൂറോപ്യൻ മെത്രാൻ 1695 ഒക്ടോബർ 12-ാം തീയതി കാലം ചെയ്തു. അദ്ദേഹത്തെ



www.TheCMSIndia.org

സംസ്കരിച്ചിരിക്കുന്നത് ഇവിടുത്തെ മദുബഹായുടെ മദ്ധ്യത്തിലാണ്.

ചേർത്തല, വൈക്കം, പിറവം, കടുത്തുരുത്തി എന്നീ സ്ഥലങ്ങളിലെ എല്ലാ പള്ളികളും കാലാകാലങ്ങളിൽ ഇവിടെ നിന്നും പിരിഞ്ഞുപോയിട്ടുള്ളതാണ്. ഇപ്രകാരം, കേരള സഭാചരിത്രത്തിൽ തങ്കമുദ്ര ചാർത്തിയിട്ടുള്ളത് പള്ളിപ്പുറം പള്ളിയാണ്. (എറണാകുളം അതിരൂപതാ ചരിത്രം P. 342-45 നവം. 30,1998)

## പള്ളിപ്പുറം ദേശവും പള്ളിയും

പുരാതനമായ പള്ളിപ്പുറം പള്ളിക്ക് ആദ്യ നൂറ്റാണ്ടിൽ കേരളത്തിലെത്തിയ മാർത്തോമ്മാ ശ്ലീഹായുടെ വരവിനോളം പഴക്കമുണ്ട്. ആലപ്പുഴ മുതൽ വടക്കോട്ട് അരൂക്കുറ്റിവരെയുള്ള 'കരപ്പുറം' എന്ന സ്ഥലങ്ങൾ; കാലത്തിന്റെ ഏതോ സമയത്ത് കടൽ മാറി കരയായിത്തീർന്നതാണ് ഇന്നു കാണുന്ന കടൽപ്പുറം (കരപ്പുറം) എന്ന ചേർത്തല താലൂക്ക്.

പഞ്ചസാരമണലും വെള്ളക്കെട്ടുകളും കായൽപ്പുറവും ഇതിന് ഒന്നാംതരം തെളിവാണ്. തൃപ്പൂണിത്തുറയും കടുത്തുരുത്തിയും (കടൽത്തുരുത്ത്) എല്ലാം ഒരു കാലത്ത് കടൽത്തീരങ്ങളായിരുന്നു. ഇങ്ങനെ കടൽപെറ്റ കരയിൽ ഏതാണ്ട് മധ്യഭാഗത്തു സ്ഥിതിചെയ്യുന്ന സ്ഥലമാണ് പള്ളിപ്പുറം എന്ന സ്ഥലം.

ഒരു കാലത്ത് ഇവിടെ പ്രസിദ്ധമായ നമ്പൂരി ഇല്ലങ്ങളും വാണിഭസ്ഥാപനങ്ങളും സ്ഥിതിചെയ്തിരുന്നു. ഇന്ന് പള്ളിപ്പുറത്തും തൈക്കാട്ടുശേരിയിലും ഉള്ള പേരെടുത്ത ഹൈന്ദവ ക്ഷേത്രങ്ങൾ ഈ സത്യത്തെ സൂചിപ്പിക്കുന്നവയാണ്.

## പാലക്കൽ തോമ്മാ മല്പാൻ

19-ാം നൂറ്റാണ്ടിലെ സഭാചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ച ഒരു ധ്യാനയോഗിയും കർമ്മയോഗിയുമായിരുന്നു ബഹു. പാലക്കൽ തോമ്മാ മല്പാൻ.

കേരള സഭയ്ക്കുവേണ്ടി അത്യദ്ധ്വാനം ചെയ്ത ഈ മഹർഷ്യ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വര്യനെ - ഒരു സെമിനാരി രൂപം കൊടുത്ത്, അത് അക്കാലത്തിന്റെ വലിയ വിജ്ഞാന സമ്പാദന കേന്ദ്രമായി വളർത്തിയ ഈ പണ്ഡിതരേണ്യനെ, വളരെ ദീർഘദൃഷ്ടിയോടെ ഭാരതസഭക്കാകെ നന്മ ചെയ്യാൻ ഉതകുന്ന ഒരു സന്യാസ സഭയ്ക്ക് രൂപം കൊടുത്ത ഈ ക്രാന്തദർശിയെക്കുറിച്ച് വളരെ കുറച്ചുമാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ. ആകെപ്പാടെയുള്ള ആധികാരികമായ പരാമർശം അദ്ദേഹത്തിന്റെ അരുമശിഷ്യനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എഴുതിവച്ചിട്ടുള്ള അറിവു മാത്രമാണ് ഇന്നുള്ളത്. ഇതിനെ അടിസ്ഥാനമാക്കിയാണ് പലരും അദ്ദേഹത്തെപ്പറ്റി എഴുതിയിട്ടുള്ളത്.

ഗുരുഭൂതനെപ്പറ്റിയുള്ള ബഹുമാനംകൊണ്ട് എന്നവിധം തന്റെ നാളാഗമത്തിൽ പലയിടങ്ങളിലുമായി പാലക്കൽ മല്പാനച്ചനെക്കുറിച്ച് ചാവറയച്ചൻ കുറിച്ചിട്ടുണ്ട്. എന്നാൽ, ഇതൊന്നും പാലക്കലച്ചനെപ്പറ്റിയുള്ള പൂർണ്ണമായ ചരിത്രം എഴുതാൻ അപര്യാപ്തമാണ്.

19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതി മഹാനായ പാലക്കൽ മല്പാനച്ചന്റെ പ്രവർത്തനങ്ങളുടെ കാലമാണ്. ഈ കാലത്തെ സഭാചരിത്രംതന്നെ ഒരുവിധത്തിൽ പറഞ്ഞാൽ പാലക്കലച്ചന്റെ ചരിത്രംതന്നെയെന്നു പറയാം. കാരണം അത്രമാത്രം കെട്ടുപിണഞ്ഞു കിടക്കുന്നതാണ് ഈ കാലഘട്ടത്തിലെ സഭാചരിത്രവും പാലക്കലച്ചന്റെ ചരിത്രവും.

## പാലക്കൽ കുടുംബം - ഉത്ഭവവും വളർച്ചയും

പുണ്യചരിതനായ പാലക്കൽ തോമ്മാ മല്പാന് ജന്മം നൽകാൻ ഭാഗ്യം ലഭിച്ച പാലക്കൽ കുടുംബത്തിന്റെ ആവിർഭാവം എങ്ങനെയായിരുന്നു എന്ന് ബഹുമാനപ്പെട്ട റൊമയോ പട്ടശ്ശേരി സിഎംഐ എഴുതിയ പുസ്തകത്തിൽ പറയുന്നത് ഇപ്രകാരമാണ്:-

കേരളത്തിലെ കോക്കമംഗലം ഗ്രാമത്തിൽ 'ക്രിസ്തുദർശനം' നൽകാനെത്തിയ വിശുദ്ധ തോമ്മാശ്ലീഹാ, തന്റെ പുതിയ മത


www.TheCMSIndia.org

ത്തിലേക്ക് ആകർഷിക്കപ്പെട്ട ആഢ്യരായ പല സവർണ്ണ കുടും ബങ്ങളേയും മാനസാന്തരപ്പെടുത്തിയതായി നമുക്കറിയാം.

നമ്മുടെ ശ്ലീഹാ, കോക്കമംഗലം കരയിൽ മാത്രം പ്രവർത്തന ങ്ങൾ ഒതുക്കി നിർത്താൻ ആഗ്രഹിച്ചില്ല. അവിടെ നിന്നും കാൽനടയായോ, വഞ്ചിയിലോ അതിന്റെ സമീപ പ്രദേശങ്ങ ളിലും എത്തിയിരുന്നു. ഇങ്ങനെ നോക്കുമ്പോൾ ആ കാലത്ത് കച്ചവടം കൊണ്ടും മറ്റും പ്രസിദ്ധമായിരുന്ന "ഐരാണിക്കുളം" (പള്ളിപ്പുറം) ഗ്രാമത്തിലേക്കും കടന്നുവന്നു. അവിടെ ആദ്യ മായി ക്രിസ്തുമാർഗത്തിലേക്ക് ആകർഷിക്കപ്പെട്ട ആദ്യകുടും ബമായിരുന്നു പാലക്കൽ കുടുംബം.

പാലക്കൽ കുടുംബത്തിന് ഇപ്രകാരമൊരു പേര് കാലാന്തര ത്തിൽ, ഇവിടുത്തെ ജനങ്ങൾ കൊടുത്തതാണെന്നു പറയപ്പെടു ന്നു. എന്താണ് കാരണമെന്ന് കൃത്യമായി ആരും പറയുന്നില്ല.

## പാലക്കൽ കുടുംബം

ഈ കുടുംബത്തിന്റെ ആവിർഭാവത്തെപ്പറ്റി പല അഭിപ്രായ ങ്ങൾ ഉണ്ട്. ഇതിൽ പ്രധാനപ്പെട്ടതെന്ന് ഫാദർ റൊമയോ പറ യുന്നത്: കോക്കമംഗലത്തുനിന്ന്, അവിടെ തോമ്മാ ശ്ലീഹാ സ്ഥാപിച്ചിരുന്ന സ്ലീവാ കുത്തിപ്പറിച്ചെടുത്ത് വേദവിരോധിക ളായ ചില സവർണ്ണർ വടക്കേ കായലിൽ എറിഞ്ഞുകളഞ്ഞു. അത് കാറ്റിന്റെ ഗതിയിൽ ഓളങ്ങളടിച്ച് വടക്കോട്ട് ഒഴുകി. പള്ളി പ്പുറത്ത് കായലിൻ നടുവിൽ സ്ഥിതിചെയ്യുന്ന 'മാട്ടേൽ തുരു ത്തിൽ' വന്നടിഞ്ഞു. അവിടെ പുല്ലുചെത്തുവാനെത്തിയ പുല യസ്ത്രീകൾ, തിളങ്ങുന്ന എന്തോ കണ്ടു. അതെന്തെന്നറിയുവാൻ, അരിവാൾകൊണ്ട് കൊത്തിവലിച്ചുനോക്കിയപ്പോൾ അതിൽ നിന്നും പൊടിഞ്ഞ രക്തം വെള്ളത്തിൽ കലർന്നു. അവർ ഭയ പ്പെട്ടു. ഉടനേ അവർ പുല്ലുചെത്തു നിർത്തുകയും പടിഞ്ഞാറെ കരയിൽ എത്തി, വിവരം അവരുടെ മേലാളന്മാരെ അറിയിക്കു കയും ചെയ്തു. കാട്ടുതീപോലെ ആ വാർത്ത നാടെങ്ങും പര ന്നു. ധാരാളം ആളുകൾ ഈ കാഴ്ചകാണാൻ അവിടെയെത്തി.


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അതു ക്രിസ്ത്യാനികൾ ആരാധിക്കുന്ന സ്ലീവായാണെന്നും അത് കോക്കമംഗലത്തുനിന്നും കായലിലൂടെ ഒഴുകി അവിടെ എത്തിയതാണെന്നും അത് വിശുദ്ധമായി സൂക്ഷിക്കേണ്ടതാണെന്നും അവർ പറഞ്ഞു.

ഇങ്ങനെ കണ്ടെടുത്ത സ്ലീവാ, അത് പാലിക്കുവാൻ ഒരാൾ സ്വയം പ്രതിജ്ഞയെടുത്തു തന്റെ ഭവനത്തിൽ ഒരു മുറിയിൽ ദീർഘനാൾ പൂജ്യമായി പാലിച്ചു (സംരക്ഷിച്ചു) വന്നു. ആയതിനാൽ നാട്ടുകാർ കൊടുത്ത പേരായിരുന്നു "പാലിക്കുവോർ" എന്നത്. കാലാന്തരത്തിൽ ഈ പേര് ലോഭിച്ചു, ലോഭിച്ചു **പാലിയ്ക്കോർ, പാലിയ്ക്കൽ, പാലക്കൽ** എന്നിങ്ങനെ രൂപാന്തരം പ്രാപിച്ചതാണെന്നു പറയപ്പെടുന്നു.

മറ്റൊരഭിപ്രായം ഉള്ളത്: "പാലിക്കുവോർ" എന്ന ബഹുമാന സംജ്ഞ, പള്ളിപ്പുറത്തുവച്ചു കിട്ടിയതല്ലെന്നും, അത് കോക്കമംഗലത്ത് ശ്ലീഹാ നാട്ടിയ കുരിശിനെ പാലിച്ചുകൊണ്ടു വന്നതിനാൽ ആ നാട്ടുകാർ കൊടുത്ത പേരാണെന്നും പറയുന്നവരുണ്ട്

ഈ "പാലിക്കുവോപരെ' ഭയപ്പെടുത്തി വേദവിരോധികൾ കുരിശു കയ്യടക്കുകയും അത് തല്ലിത്തകർത്ത് കായലിൽ എറിയുകയും ചെയ്തതിൽ ദുഃഖാർത്തനായി നോക്കിനിൽക്കാനേ ഈ പാലിക്കുവോർക്ക് സാധിച്ചുള്ളൂ.

കുരിശിനെപ്പറ്റി വേദനയോടെ അന്വേഷിച്ച പാലിക്കുവോർ ചേട്ടൻ, പള്ളിപ്പുറത്തെ മാട്ടേൽത്തുരുത്തിൽ ഒരു കുരിശ് അടിഞ്ഞിരിക്കുന്നുവെന്നറിഞ്ഞു. അതിരറ്റ സന്തോഷത്തോടെ, അതിനെ വണങ്ങുവാൻ പള്ളിപ്പുറത്ത് എത്തി. അങ്ങനെ കണ്ടെത്തിയപ്പോൾ അതിന്റെ സംരക്ഷണ ചുമതല സ്വയം ഏറ്റെടുക്കുകയും കോക്കമംഗത്തുപോയി, കുടുംബാംഗങ്ങളെയെല്ലാം കൂട്ടിക്കൊണ്ടുവന്ന്, പള്ളിപ്പുറത്തു സ്ഥിരതാമസമാക്കിയെന്നും ചരിത്രം പറയുന്നു. ഇതിനെക്കുറിച്ച് ശ്രീമാൻ വർഗീസ് കാഞ്ഞിരത്തുങ്കൽ എഴുതിയ "പാലക്കൽ തോമ്മാ മല്പാൻ" എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. അതിങ്ങനെയാണ്:

"അങ്ങനെയിരിക്കെ, ഈ വിവരം എങ്ങനെയോ കേട്ടറിഞ്ഞ്



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കോക്കമംഗലത്തുകാരനായ ഒരു ക്രിസ്ത്യാനി പള്ളിപ്പുറത്തു വന്നു. മാട്ടേൽ തുരുത്തിൽ നിന്നും കണ്ടുകിട്ടിയിരിക്കുന്നത്, മാർതോമ്മാ ശ്ലീഹാ കോക്കമംഗലത്തു പ്രതിഷ്ഠിച്ചിരുന്ന കുരിശുതന്നെയാണെന്നും, മതവിരോധികൾ, പിഴുതു കായലിൽ എറിഞ്ഞുകളഞ്ഞതാണെന്നും നീരൊഴുക്കിൽപ്പെട്ട് മാട്ടേൽത്തുരുത്തിൽ വന്നടിഞ്ഞതാണെന്നും അദ്ദേഹം തിരിച്ചറിഞ്ഞു."

"തങ്ങളുടെ മതചിഹ്നവും വിശ്വാസവും ദൃശ്യപ്രതീകവും തങ്ങളുടെ പൂജ്യപിതാവിന്റെ വിശുദ്ധ കരങ്ങൾകൊണ്ടു പ്രതിഷ്ഠിതവുമായ ഈ സംപൂജ്യവസ്തു തന്റെ ചുമതലയിലും മേൽനോട്ടത്തിലും അർഹിക്കുന്ന ആചാരവിധികളോടെ, യഥായോഗ്യം പാലിച്ചുകൊള്ളാമെന്ന് ആ ഭക്തക്രൈസ്തവൻ സ്വമേധയാ ഉടമ്പടി ചെയ്തു. അതനുസരിച്ച് സകുടുംബം പള്ളിപ്പുറത്തേക്ക് താമസം മാറ്റി."

"നാടിനും നാട്ടാർക്കും ശ്രേയസുവരുത്തുന്ന കുരിശിനെ യഥായോഗ്യം പാലിക്കുവാൻ സന്നദ്ധനായി മുന്നോട്ടുവന്ന സഹൃദയനെ നാട്ടുകാർ ആദരപൂർവം "പാലിക്കുവോർ" എന്ന് വിളിക്കാനും തുടങ്ങി. ഇവരെ പിന്തുടർന്ന് കോക്കമംഗലത്തുനിന്നും ക്രൈസ്തവ സമൂഹത്തിലെ മറ്റു ചില ഇല്ലക്കാരും പള്ളിപ്പുറത്തേക്ക് കുടിയേറി. ഇവരിൽ കായലോരത്തു കുടിപാർത്തവരാകാം **"കല്ലറയ്ക്കൽ കടവിൽ"** എന്ന പേരിൽ അറിയപ്പെടുന്ന പുരാതന ക്രൈസ്തവ കുടുംബം."

## സ്ലീവാ പള്ളിയിലേക്ക് മാറ്റുന്നു

ഏതാനും നാളുകൾ **"പാലിക്കുവോരുടെ"** ഭവനത്തിൽത്തന്നെ സംപൂജ്യമായി വണങ്ങിപ്പോന്ന സ്ലീവാ ഒരു പൊതുവേദിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതാണ് അതിന്റെ പൂജ്യതയ്ക്ക് യോജിച്ചതെന്ന പൊതുഅഭിപ്രായമുണ്ടായി. അതിൻപ്രകാരം "പാലിക്കുവോർ" മുൻകയ്യെടുത്തും ഇതര കുടുംബങ്ങളുടെ സഹകരണത്തോടും ഹൈന്ദവ പ്രഭുക്കളുടെ പ്രോൽസാഹനത്തോടുംകൂടി, പൊതുവായ ഒരു ആരാധനാലയം നിർമ്മി


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ച്ച്, സ്ലീവാ ആഘോഷപൂർവം അങ്ങോട്ടു മാറ്റിസ്ഥാപിച്ചു. പിന്നീട് പള്ളിപ്പുറം പള്ളി പണിയുന്നതുവരെ ഈ സ്ലീവാ ആദ്യത്തെ താൽക്കാലിക ദേവാലയത്തിൽ സൂക്ഷിക്കപ്പെട്ടുവെന്നാണ് പാരമ്പര്യമായി അറിയപ്പെടുന്നത്.

സ്ലീവാ ദേവാലയത്തിലേക്ക് മാറ്റി സ്ഥാപിച്ചതോടെ പാലിക്കുവോർ എടുത്ത സംരക്ഷണ ദൗത്യം വിജയം കണ്ടു. എങ്കിലും ആദരസൂചകമായി ആ കുടുംബക്കാരെ നാട്ടുകാർ "പാലിക്കുവോർ" എന്നുതന്നെ വിളിച്ചുവന്നു. കാലാന്തരത്തിൽ ഈ പേര് ലോഭിച്ച് 'പാലിക്കോർ', **'പാലിക്കൽ'**, **'പാലക്കൽ'** എന്ന് **മൂല കുടംബനാമം ഉരുത്തിരിഞ്ഞു** എന്നാണ് ഒരു പുരാവൃത്തം.

ഇപ്രകാരം പള്ളിപ്പുറത്തു കുടിയേറിയ ക്രിസ്തീയ കുടുംബം കാലക്രമത്തിൽ വികാസം പ്രാപിക്കുകയും നിരവധി പ്രശസ്ത കുടുംബതായ്‌വഴികൾക്ക് രൂപം കൊടുക്കുകയും ചെയ്തു. അങ്ങനെ പള്ളിപ്പുറത്തുതന്നെയുള്ള മംഗലത്ത്, പനക്കൽ, ശ്രാമ്പിക്കൽ, കൂട്ടുങ്കൽ, തുമ്പയിൽ എന്നീ കുടുംബങ്ങൾ മാറിത്താമസിച്ച സ്ഥലനാമം സ്വീകരിച്ചവരാണ്. പൂർവിക കുടുംബം കായൽനിരത്ത്, വഴിയുടെ വടക്കുമാറി താമസമാക്കിയിരുന്നു. ഇതാണ് പാലക്കൽ കുടുംബം.

## പാലക്കൽ കുടുംബത്തെക്കുറിച്ച് കൂടുതൽ അറിവ്

18-ാം നൂറ്റാണ്ടിൽ പ്രശസ്തമായ കുടുംബമായിരുന്നു പാലക്കൽ കുടുംബം. പാലക്കൽ കുടുംബത്തിലെ കാരണവരായിരുന്നു വർക്കി എന്നയാൾ. ഇദ്ദേഹത്തിന്റെ ഭാര്യ കുട്ടനാട്ടിലെ ചമ്പക്കുളത്തു പുത്തൻപുരക്കൽ എന്ന പ്രശസ്ത കുടുംബത്തിലെ മറിയം എന്ന സ്ത്രീയായിരുന്നു.

പാലയൂരിൽ നിന്നും കുറവിലങ്ങാട് കുടിയേറി പാർക്കുകയും പിന്നീട് അവിടെനിന്നും കുട്ടനാട്ടിലേക്ക് മാറുകയും ചെയ്ത പ്രശസ്ത കുടുംബങ്ങളായ കാളാശ്ശേരി, മുക്കാട്ട്, മീനപ്പള്ളി, മാമ്പ്രാ, വള്ളവന്തറ, ചാവറ മുതലായ കുടുംബങ്ങളുടെ തായ്‌വഴിയിൽപ്പെട്ടതായിരുന്നു. ഇപ്രകാരം പ്രശസ്ത കുടുംബങ്ങളുടെ



www.TheCMSIndia.org

സംഗമമായിരുന്നു ഈ വിവാഹം.

കുടുംബനാഥനായ വർക്കിയുടെ വല്യപ്പനായിരുന്നു ഗീവർഗീസ് പട്ടക്കാരൻ. ഇളയപ്പൻ മാത്തുകത്തനാരും ആയിരുന്നു. (ചാവറ നാളാഗമം)

ഉദയംപേരൂർ സൂനഹദോസിനുമുൻപ്, വൈദികർ കുടുംബസ്തർ ആയിരുന്നു. മാത്രമല്ല, പൗരോഹിത്യം പല പൗരാണിക കുടുംബങ്ങളും പാരമ്പര്യമായി, അവകാശമായി നിലനിർത്തിയിരുന്നു. (ഡോ. തോമസ് പാലക്കലിന്റെ പുസ്തകത്തിൽ നിന്ന്)

പാലക്കൽ തോമ്മാച്ചന്റെ കാലമായപ്പോൾ വൈദിക ബ്രഹ്മചര്യജീവിതം നിലവിൽവരികയും മൂത്തമകൻ വിവാഹിതനാവുകയും ചെയ്തതുകൊണ്ടാകാം ഇളയമകൻ മാത്തു കത്തനാരായത്.

## കുടുംബത്തിന്റെ സ്ഥിതി-വസൂരിദീനവും മരണവും

തോമ്മാ മല്പാന്റെ തറവാട്ടുകാർ ഒരുവിധം സമ്പത്തും സൽപേരും ഉള്ളവരായിരുന്നു. ഇദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് കൊല്ലവർഷം 965-ൽ ആ നാട്ടിൽ ഉണ്ടായ വസൂരിയെന്ന പകർച്ചവ്യാധിയും ദാരിദ്ര്യവും മൂലം കഴിവുറ്റ കാരണവന്മാർ പലരും മരിച്ചുപോയി. മറ്റു പല ആപത്തുകളും ഉണ്ടായതുമൂലം സമ്പത്തും വസ്തുവകകളും നഷ്ടപ്പെട്ട് കുടുംബം ഞെരുക്കത്തിലായി ഈ വസൂരി ദീനത്തിൽ തോമ്മാച്ചന്റെ അപ്പൻ വർക്കി മരിച്ചുപോയി. ജ്യേഷ്ഠനാകട്ടെ സാമർത്ഥ്യം കുറഞ്ഞവനും ചെറുപ്പവുമായിരുന്നു. വിധവയായിത്തീർന്ന അമ്മയാണ് മക്കളെ വളർത്തിക്കൊണ്ടുവന്നത്. രണ്ട് ആൺമക്കളും രണ്ടു പെൺമക്കളുമായിരുന്നു സന്താനങ്ങളായി ഉണ്ടായിരുന്നത്. അമ്മയ്ക്ക് അനുജത്തിയുടെയും ആങ്ങളമാരുടെയും സഹായം ലഭിച്ചിരുന്നു. അനുജത്തിയെ കൈനകരിയിൽ കാളാശ്ശേരിയിലാണ് വിവാഹം ചെയ്തിരുന്നത്. പാലക്കൽ തോമ്മാച്ചന്റെ അമ്മ മറിയം വളരെ ഭക്തിയുള്ള ഒരു സ്ത്രീയായിരുന്നു. അനുദിനം അടു


CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

ത്തുള്ള ദേവാലയത്തിൽ വന്ന് ദിവ്യബലിയിൽ പങ്കെടുക്കുമായിരുന്നു.

## പ്രാഥമിക വിദ്യാഭ്യാസം

മറിയാമ്മയുടെ ആങ്ങളമാർ, ആൺമക്കളായ ജോസഫിനേയും തോമ്മായേയും ചമ്പക്കുളത്തിനു കൊണ്ടുപോയി. അവിടെ അവരുടെ പഠനം നടത്തി. അവിടെ അവർ എഴുത്താശാന്മാരുടെ പക്കൽനിന്നും തമിഴും, മലയാളവും തെക്കൻ മലയാളവുമൊക്ക് പഠിച്ചു. തോമ്മാക്കുഞ്ഞായിരുന്നു പഠനത്തിൽ മിടുക്കൻ. ചമ്പക്കുളത്ത് ഇവർ മൂന്നു കൊല്ലത്തോളം താമസിച്ചു പഠിച്ചു. പിന്നീട് അവർ പള്ളിപ്പുറത്തിന് പോന്ന് അമ്മയുടെ കൂടെ താമസിച്ചു. ഈ തിരിച്ചുപോരലിന് ചില കഥകൾ ഉണ്ടായിരുന്നു.

പള്ളിപ്പുറത്ത് എത്തിയ ജോസഫ് കുടുംബകാര്യങ്ങളിലും കൃഷികാര്യങ്ങളിലും വ്യാപൃതനായിക്കഴിഞ്ഞു. ഇളയവനായ തോമ്മാക്കുഞ്ഞ് പുസ്തകവായനയിലും മറ്റുമായി തന്റെ അറിവ് വർദ്ധിപ്പിക്കുന്നതിൽ തൽപ്പരനായി കഴിഞ്ഞു.

## പള്ളിപ്പുറത്ത് സെമിനാരി ആരംഭിക്കുന്നു

1790-ാമാണ്ടിലായിരുന്നു ടിപ്പു സുൽത്താന്റെ പടയോട്ടം നടന്നത്. കേരളത്തിലെ പല പള്ളികളേയും സ്ഥാപനങ്ങളേയും ടിപ്പുസുൽത്താന്റെ പടയാളികൾ ആക്രമിച്ചു നശിപ്പിച്ചു. കാണുന്നവരെയെല്ലാം ബലമായി പിടിച്ച് ഇസ്ലാം മതത്തിൽ ചേർക്കുകയും ചെയ്തുവന്നു. അതിന്റെ ഫലമായി വളരെപ്പേർ ആ സ്ഥലങ്ങളിൽനിന്നും മറ്റു സ്ഥലങ്ങളിലേക്ക് പലായനം ചെയ്തു രക്ഷപെട്ടുകൊണ്ടിരുന്നു.

## കുത്തിയതോട്ടിലെ സെമിനാരി

ഈ കാലത്ത് വടക്കൻ കുത്തിയതോട്ടിൽ കേരള ക്രൈസ്തവരുടെ അഭിമാനപാത്രമായ തച്ചിൽ മാത്തൂത്തരകന്റെ അനുജൻ അബ്രാഹം മല്പാൻ, പ്രശസ്തമായ രീതിയിൽ ഒരു സെമിനാരി


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നടത്തിയിരുന്നു. കേരളത്തിലെ ചില ഭാഗങ്ങളിൽ മാത്രമേ ഇപ്രകാരമുള്ള മല്പാൻ ഭവനങ്ങൾ (സെമിനാരികൾ) ഉണ്ടായിരുന്നുള്ളു.

അബ്രാഹം മല്പാന്റെ സെമിനാരി, അന്നത്തെ ഏറ്റവും പ്രസിദ്ധമായ സെമിനാരിയായിരുന്നു. അദ്ദേഹത്തിനു മാത്രമേ, പോർട്ടുഗീസ് ഗവൺമെന്റിൽ നിന്നും **"മലങ്കരമല്പാൻ"** എന്ന സ്ഥാനവും സ്ഥാനമോതിരവും ശമ്പളവും ലഭിച്ചിരുന്നുള്ളു.

## സെമിനാരി പള്ളിപ്പുറത്തേക്ക് മാറ്റുന്നു

ടിപ്പുസുൽത്താന്റെ വരവിനെക്കുറിച്ചും വരുത്തിക്കൊണ്ടിരുന്ന നാശനഷ്ടങ്ങളെക്കുറിച്ചും അറിഞ്ഞ അബ്രാഹം മല്പാൻ തന്റെ ശിഷ്യഗണങ്ങളോടുകൂടി രഹസ്യത്തിൽ, തെക്കുഭാഗത്ത് അക്കാലത്ത് പ്രസിദ്ധമായിരുന്ന പള്ളിപ്പുറം പള്ളിയിലേക്കുപോന്നു. അവിടെ എത്തിയ അദ്ദേഹം മെത്രാനച്ചന്റെ അറിവോടും അനുവാദത്തോടുംകൂടി പള്ളിപ്പുറം പള്ളിയുടെ വടക്കുവശത്തെ മുറിത്തട്ടിൽ തന്റെ സെമിനാരി ആരംഭിച്ചു. ഇതായിരുന്നു പിന്നീട് പള്ളിപ്പുറം പള്ളിയിലെ പ്രശസ്ത സെമിനാരിയായി പാലക്കൽ തോമ്മാ മല്പാനച്ചന്റെ കാലത്ത് മാറിയത്.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## പാലക്കൽ തോമ്മാച്ചന്റെ ദൈവവിളി

അബ്രഹാം മല്പാൻ പള്ളിപ്പുറത്ത് സെമിനാരി ആരംഭിച്ച് അധികകാലം കഴിയുംമുൻപ് സുമുഖനും സുന്ദരനുമായ ഒരു പതിനാലു വയസ്സുകാരനെ പരിചയപ്പെട്ടു. അവിടെ കുർബാനയ്ക്ക് സഹായിക്കയും ചുണയായി സംസാരിക്കുകയും ചെയ്തിരുന്ന പയ്യൻ പള്ളിപ്പുറം പള്ളിയുടെ കിഴക്കേ അങ്ങാടിയിൽ വടക്കുഭാഗത്തു സ്ഥിതിചെയ്യുന്ന പാലക്കൽ വീട്ടിലെ തോമ്മാക്കുട്ടിയാണെന്നറിഞ്ഞു. ഒരു വൈദികനാകാനുള്ള ഗുണമെല്ലാം അവനിൽ അദ്ദേഹം കണ്ടു.

ഇങ്ങനെയിരിക്കെ ഒരുദിവസം തോമ്മാക്കുട്ടിയുടെ അമ്മ മറിയാമ്മ പള്ളിയിൽ വന്നപ്പോൾ, അബ്രാഹം മല്പാൻ തോമ്മാ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ക്കുട്ടിയെക്കുറിച്ച് പറയുകയും അവനെ സെമിനാരിയിലേക്ക് വിട ണമെന്നാവശ്യപ്പെടുകയും ചെയ്തു. ഇളയമകനായിരുന്നതിനാൽ വലിയ മനസൊന്നും അവൾക്കില്ലായിരുന്നു. എങ്കിലും അവൾ പറഞ്ഞു: "ആങ്ങളമാരോട് ആലോചിച്ചിട്ട് പറയാമെന്ന്."

അധികം താമസിയാതെ ചമ്പക്കുളത്തുപോയി അവളുടെ ആങ്ങളമാരോടു ആലോചിച്ചു. അവരോട് അനുകൂലമായ മറു പടിയും വാങ്ങി. തോമ്മാക്കുട്ടിയെ അങ്ങനെ സെമിനാരിയിൽ ചേർക്കുകയും ചെയ്തു. ഇങ്ങനെ മല്പാൻ ഭവനം (സെമിനാ രി) പള്ളിപ്പുറത്തു വന്നതുമുതൽ തോമ്മാക്കുട്ടിയുടെ മനസിൽ ഉണ്ടായിരുന്ന ആഗ്രഹം അങ്ങനെ സാധിച്ചു. ഇതു നടന്നത് 1794-ൽ ആയിരുന്നു.

തോമ്മാക്കുട്ടിയുടെ അമ്മയ്ക്ക് ഒരാഗ്രഹമേ ഉണ്ടായിരുന്നു ള്ളൂ. വീട് അടുത്തായതിനാൽ എല്ലാ ദിവസവും രാത്രി ഒഴികെ എല്ലാ നേരവും വീട്ടിൽവന്നു ഭക്ഷണം കഴിക്കണമെന്ന്. ഇത് മാതൃവാത്സലയായ ആ അമ്മയുടെ ഒരു വലിയ ആഗ്രഹമായി രുന്നു. അമ്മയുടെ ആഗ്രഹംപോലെയാകട്ടെയെന്ന് മല്പാനച്ചൻ സമ്മതിക്കുകയും ചെയ്തു.

## സെമിനാരിയിലെ പഠനം

സെമിനാരിയിലെ പഠനത്തിൽ തോമ്മാക്കുട്ടി ഒന്നാമനായി രുന്നു. എല്ലാം പെട്ടെന്നു മനസ്സിലാക്കാനുള്ള കഴിവ് ഉണ്ടായിരു ന്നു. തമിഴിലുള്ള വേദശാസ്ത്രഗ്രന്ഥങ്ങളും വേദഗ്രന്ഥ വ്യാഖ്യാ നങ്ങളും അതിവേഗം പഠിച്ചു. സുറിയാനിയിൽ സംസാരിക്കാനും സങ്കീർത്തനങ്ങൾ, വ്യഖ്യാനം ചെയ്തുകൊടുക്കാനും തോമ്മാ ക്കുട്ടിക്ക് പ്രയാസമുണ്ടായിരുന്നില്ല.

## പള്ളിപ്രസംഗം

ബൈബിൾ വിഷയങ്ങളും സങ്കീർത്തനങ്ങളും നന്നായി വ്യാഖ്യാനം ചെയ്തുകൊടുക്കാൻ കഴിവു സമ്പാദിച്ച തോമ്മാ ക്കുട്ടിയെ പള്ളിയിൽ പ്രസംഗം പറയാൻ ഒരുക്കി, പ്രസംഗം പറ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

യിപ്പിച്ചു. അങ്ങനെ പ്രസംഗ പരിശീലനത്തിന് അവസരങ്ങൾ അബ്രാഹം മല്പാന് ഉണ്ടാക്കിക്കൊടുത്തു.

## ലത്തീൻ പഠനവും കൂടുതൽ അറിവിനും

ലത്തീൻ ഭാഷയിലായിരുന്നു മൂലഗ്രന്ഥങ്ങളും അറിവു ലഭിക്കാനുള്ള ഏറെ ഗ്രന്ഥങ്ങളും. അതിനാൽ ലത്തീൻ പഠിക്കാൻ വരാപ്പുഴ സെമിനാരിയിലേക്ക് തോമ്മോച്ചനെ അയച്ചു. ഏതാണ്ട് ആറുമാസത്തോളം അവിടെ താമസിച്ച് ലത്തീൻപഠനം നടത്തി.

തോമ്മാച്ചനെ റോമിൽ അയച്ച് പഠിപ്പിക്കാൻ അബ്രാഹം മല്പാനച്ചൻ വളരെ ആഗ്രഹിച്ചിരുന്നു. എന്നാൽ, രാഷ്ട്രീയവും സാമുദായികവുമായ സാഹചര്യങ്ങൾ അനുകൂലമല്ലായിരുന്നതിനാൽ ആ കാര്യം നടന്നില്ല.

## അമ്മയുടെ മരണം

തോമ്മാക്കുട്ടി ഒരു വൈദികനായി പുത്തൻകുർബാന ചൊല്ലുന്നതും അവന്റെ പൂശപ്പെട്ട കരങ്ങൾ ചുംബിക്കുന്നതിനും അതിയായി ആഗ്രഹിച്ചിരുന്നത് തോമ്മാക്കുട്ടിയുടെ അമ്മയായിരുന്നു. അവൾ അതിനായി ദിവസവും പ്രാർത്ഥിക്കുകയും കാത്തിരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

തോമ്മാച്ചന്റെ മനസിനെ വളരെ വേദനിപ്പിച്ച ഒരു സംഭവമായിരുന്നു പ്രിയപ്പെട്ട അമ്മയുടെ പെട്ടെന്നുള്ള വേർപാട്. അമ്മയുടെ മരണം തോമ്മാച്ചന്റെ മനസിന് വലിയ ആഘാതമാണ് ഉണ്ടാക്കിയത്.

ഈ അവസരത്തിൽ തോമ്മാച്ചനെ ആശ്വസിപ്പിക്കാൻ കൈനകരിയിലെ കാളാശ്ശേരിയിൽ വിവാഹം ചെയ്ത് അയച്ചിരുന്ന തന്റെ ഇളയമ്മ പള്ളിപ്പുറത്ത് ഓടിയെത്തി. തോമസ് ശമ്മാശനെയും മറ്റുള്ളവരേയും ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തി.

## വൈദികപട്ടവും പുത്തൻകുർബാനയും

വൈദികപഠനമെല്ലാം അബ്രാഹം മല്പാന്റെ കീഴിൽ പൂർത്തിയാക്കിയെങ്കിലും സെമിനാരി പഠനത്തിന്റെ കാലാവധി പൂർത്തി



www.TheCMSIndia.org

യാകാൻ കാത്തിരിക്കേണ്ടിവന്നു.

അങ്ങനെ 1807-ൽ ആ സുദിനം വന്നു ചേർന്നു. മെത്രാനച്ചനിൽ നിന്നും വൈദികപട്ടം സ്വീകരിച്ച തോമ്മാച്ചന്റെ ആദ്യ ദിവ്യബലി ബന്ധുമിത്രാദികളുടെയും ഇടവകജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ പള്ളിപ്പുറം ഇടവക പള്ളിയിൽവച്ച് ആഘോഷമായി നടത്തി. ആദ്യത്തെ ദിവ്യബലിയും കാത്തിരുന്ന തന്റെ അമ്മയുടെ അസാന്നിദ്ധ്യം കൊച്ചച്ചന്റെ മിഴികളെ നനച്ചുകൊണ്ടിരുന്നു. സ്വന്തം അമ്മയുടെ അസാന്നിദ്ധ്യത്തിൽ പള്ളിപ്പുറത്തെ പ്രധാന അൾത്താരയിൽ പ്രതിഷ്ഠിതമായിരിക്കുന്ന പരിശുദ്ധ മാതാവിനെ സ്വന്തം അമ്മയായി തോമ്മാച്ചൻ സ്വീകരിച്ചു.

## നവവൈദികൻ പള്ളിപ്പുറത്ത്

പാലക്കൽ കൊച്ചച്ചന്റെ സാമർത്ഥ്യത്തെക്കുറിച്ച് മെത്രാനച്ചനും അരമനവാസികളും അറിഞ്ഞിരുന്നു. ആയതിനാൽ ഇടവകഭരണം ഉടനെ കൊടുത്തില്ല. ഉപരിപഠനത്തിന് റോമിലേക്ക് അയക്കാനും മെത്രാനച്ചന് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും പല കാരണങ്ങളാൽ അതു നടന്നില്ല. ആയതിനാൽ അബ്രാഹം മല്പാനച്ചനെ സെമിനാരി ഭരണത്തിലും പഠിപ്പിക്കലിലും സഹായിച്ചുകൊണ്ട് പള്ളിപ്പുറത്തുതന്നെ താമസിച്ചു.

ഈ കാലത്ത് ധാരാളം പുസ്തകങ്ങൾ വായിക്കാനും അറിവു സമ്പാദിക്കാനും സാധിച്ചു. ദൈവശാസ്ത്രം, ലിറ്റർജി, വേദപുസ്തകം മുതലായവയിൽ ഈശോസഭാ വൈദികർ തമിഴിൽ വിരചിതമായ പുസ്തകങ്ങൾ ശേഖരിക്കുകയും വായിക്കുകയും ചെയ്തുകൊണ്ട് അറിവ് വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽത്തന്നെ പോർട്ടുഗീസ് ഭാഷ എഴുതാനും വായിക്കാനും പഠിക്കുകയും ചെയ്തു.

## പാലക്കലച്ചൻ - മെത്രാനച്ചന്റെ സെക്രട്ടറി

അന്ന് വരാപ്പുഴ രൂപത ഭരിച്ചിരുന്നത് റൈമൂന്തൂസ് മെത്രാനായിരുന്നു. തന്റെ സെക്രട്ടറിയാകാൻ പറ്റിയ ഒരാളെ അന്വേഷിച്ചു



www.TheCMSIndia.org

കൊണ്ടിരിക്കുകയായിരുന്നു. അന്വേഷണത്തിൽ പാലക്കലച്ചനേ ക്കാൾ ഈ സ്ഥാനത്തിനു പറ്റിയ മറ്റാരും ഇല്ലായെന്നു മനസ്സി ലായി. അബ്രാഹം മല്പാനെ വിവരം അറിയിച്ചു. പാലക്കലച്ചനെ വരുത്തി കാര്യങ്ങൾ പറഞ്ഞു.

സഭയുടെ കേന്ദ്രഭരണത്തിൽ സഹകരിച്ചുകൊണ്ട് സഭയ്ക്കും സമുദായത്തിനും വേണ്ടി പലതും ചെയ്യുവാൻ സാധിക്കും എന്നു മനസ്സിലാക്കി, മെത്രാനച്ചന്റെ സെക്രട്ടറിസ്ഥാനം പാലക്കൽ തോമ്മാച്ചൻ സ്വീകരിച്ചു. അബ്രാഹം മല്പാൻ സന്തോഷിച്ചു, തന്റെ ശിഷ്യന് ഇത്രയും വലിയ സ്ഥാനം ലഭിച്ചതിൽ സമ്മാന ങ്ങളും ആശംസകളും കൊടുത്ത് യാത്രയാക്കി.

## പരിഷ്കാരങ്ങൾ വരുത്തുന്നു

സെക്രട്ടറിസ്ഥാനം ഏറ്റെടുത്ത് അധികംനാൾ കഴിയും മുൻപ് ചില അത്യാവശ്യ സമുദായപരിഷ്കാരങ്ങൾ സുറിയാനി സഭ യിലും സമൂഹാചാരത്തിലും നടപ്പാക്കണമെന്ന് പാലക്കലച്ചൻ തീരുമാനിച്ചു; ഇതിനെല്ലാം മെത്രാനച്ചന്റെ സമ്മതം ലഭിക്കാൻ പ്രയാസവും ഇല്ലായിരുന്നു. അങ്ങനെ പരിഷ്കാരങ്ങൾ ഓരോ ന്നായി നടപ്പാക്കി തുടങ്ങി.

### 1. വൈദികവസ്ത്രം

അന്നുവരെ സുറിയാനി വൈദികർ ഒറ്റളോവ ധരിച്ചിരുന്നില്ല. യാക്കോബായ അച്ചന്മാർ ധരിക്കുന്ന വസ്ത്രത്തോട് സാമ്യമുള്ള ഒരു ഏങ്കാർക്കായാണ് ധരിച്ചിരുന്നത്. ഇങ്ങനെ ഒരു കമ്മിസും ഇട്ട് വയറുവരെ നീളുന്ന ഒരു കൊന്തയും തോളിൽ ഒരു നാടൻ മുണ്ടും ഇട്ടുനടക്കുന്ന രീതി. ഇതായിരുന്നു ശമ്മാശ്ശന്മാരും പട്ട ക്കാരും ചെയ്തിരുന്നത്.

ഇപ്രകാരമുള്ള രീതിമാറ്റി പാദംവരെയുള്ള ഒറ്റളോവ സുറി യാനി വൈദികർക്കും ഉണ്ടായിരിക്കണമെന്ന് പാലക്കലച്ചന് തോന്നി. ഇതിനെപ്പറ്റി വരാപ്പുഴയിൽ ഉണ്ടായിരുന്ന മാത്തുമ ല്പാൻ മുതലായ ചില പ്രമുഖ സുറിയാനിക്കാരോട് ആലോ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ചന ചോദിക്കുകയും ചെയ്തു.

ലത്തീൻകാരച്ചന്മാർക്ക് കറുത്ത നിറമുള്ള ളോവയായിരുന്നു. സുറിയാനിക്കാർക്ക് ഇത് വെള്ളയായിരിക്കണമെന്ന് നിശ്ചയിച്ചു. മെത്രാനച്ചനെക്കണ്ട് കല്പന പുറപ്പെടുവിക്കുകയും ചെയ്തു.

## 2. അടച്ചുറപ്പുള്ള സിമിത്തേരി

മരിച്ചടക്കുസ്ഥലം വളരെ പ്രാകൃതമായി കിടക്കുന്ന കാഴ്ചയാണ് പാലക്കലച്ചന് കാണാൻ കഴിഞ്ഞത്. പള്ളിപ്പറമ്പിലും പള്ളിയുടെ മുറ്റത്തുമൊക്കെയായിരുന്നു അക്കാലത്ത് മരിച്ചവരെ അടക്കിയിരുന്നത്. അടച്ചുറപ്പുള്ള പ്രത്യേക സ്ഥലങ്ങൾ ഇല്ലായിരുന്നു. കന്നുകാലികളുടെയും മറ്റു മൃഗങ്ങളുടെയും ഉപദ്രവങ്ങളും മറ്റനാചാരങ്ങളും പൂജ്യതക്കുറവും അനാരോഗ്യകരമായ അന്തരീക്ഷവും ആണ് ഉണ്ടായിരുന്നത്. ഈ രീതി പൂർണ്ണമായും നിർത്തലാക്കാനും പ്രത്യേക സ്ഥലം ഉണ്ടാക്കാനും അത് മതിൽകെട്ടി അടച്ചുറപ്പുള്ളതാക്കണമെന്നും **കല്പന** പുറപ്പെടുവിച്ചു.

## 3. മരണ രജിസ്റ്ററും വിശദവിവരങ്ങളും

ഇടവകയിൽ മരിച്ചടക്കപ്പെട്ടവരുടെ പേരുവിവരങ്ങളും തീയതികളും മറ്റും രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ ബുക്ക് വയ്ക്കണമെന്ന് നിർദ്ദേശിച്ചു.

## 4. കുമ്പസാരക്കൂട്

അന്നാൾ വരേയും പള്ളികളിൽ കുമ്പസാരത്തിന് കുമ്പസാരക്കൂടുകൾ ഇല്ലായിരുന്നു. കുമ്പസാരത്തിന്റെ പൂജ്യതയും രഹസ്യസ്വഭാവവും കാത്തുസൂക്ഷിക്കുന്നതിന് കുമ്പസാരക്കൂടുകൾ ആവശ്യമാണെന്ന് കണ്ടു. പ്രത്യേകിച്ചും സ്ത്രീകളെ കുമ്പസാരിപ്പിക്കുന്നതിന് ഏറ്റവും ആവശ്യമാണെന്നും, ആയതിനാൽ എല്ലാ പള്ളികളിലും കുമ്പസാരക്കൂടില്ലാതെ കുമ്പസാരിപ്പിക്കരുതെന്നു നിർദ്ദേശിച്ചു.



www.TheCMSIndia.org

## 5. ദർശനസമൂഹവും ദർശനതിരുനാളും (കൊംബ്രരിയ)

മാതാവിന്റെ ദർശനസമൂഹം എല്ലാ പള്ളികളിൽ തുടങ്ങണമെന്നും അതിൽ സാധിക്കുന്നവരെല്ലാം അംഗങ്ങളായി ചേരണമെന്നും നിർദ്ദേശിച്ചു. അതിന്റെ നിയമാവലിയും പ്രവർത്തനരീതിയും എഴുതി ഉണ്ടാക്കി ഓരോ പള്ളികളിലേക്കും അയച്ചുകൊടുത്തു. ഇതുമാത്രമല്ല ചെയ്തത്, ദർശനതിരുനാൾ കൊണ്ടാടണമെന്നും നിർദ്ദേശിച്ചു. ഇപ്രകാരം വിപ്ലവകരമായ മാറ്റങ്ങൾ സെക്രട്ടറിയായിരുന്ന കാലത്ത് റൈമൂന്തു മെത്രാനച്ചന്റെ അനുമതിയോടെ നടപ്പിലാക്കി.

## പാലക്കൽ തോമ്മാച്ചൻ സെമിനാരി മല്പാനാകുന്നു

വരാപ്പുഴ മെത്രാനച്ചന്റെ സെക്രട്ടറിയായി സേവനം ചെയ്യുന്ന അവസരത്തിൽ, തന്റെ ഗുരുവായിരുന്ന അബ്രാഹം മല്പാന് അസുഖങ്ങൾ ഓരോന്നു വന്നുകൊണ്ടിരുന്നു. വിദഗ്ധമായ ചികിത്സ അത്യാവശ്യമായി വന്നു. സ്വന്തം നാടായ കുത്തിയതോട്ടിന് പോകാനും ആഗ്രഹിച്ചു.

ഈയവസരത്തിൽ, തന്റെ സ്ഥാനം ഏറ്റെടുത്തു സെമിനാരി നടത്താൻ ഒരു പിൻഗാമിയെ കണ്ടുപിടിക്കേണ്ടിയുമിരുന്നു. ആലോചിച്ചപ്പോൾ അതിനു യോജിച്ച വ്യക്തി തന്റെ ശിഷ്യനും വരാപ്പുഴ മെത്രാന്റെ സെക്രട്ടറിയുമായി സേവനം ചെയ്യുന്ന പാലക്കൽ തോമ്മാച്ചനാണ് യോഗ്യനെന്നു കണ്ടു.

അബ്രാഹം മല്പാൻ തന്റെ അസുഖവിവരങ്ങളും തന്റെ ആഗ്രഹങ്ങളും പറഞ്ഞ് ഒരു കത്ത് തോമ്മാച്ചന് അയച്ചു. കത്തു വായിച്ച തോമ്മാച്ചന് ഗുരുവിന്റെ ആഗ്രഹം നിരസിക്കാൻ സാധിച്ചില്ല. വിവരങ്ങൾ മെത്രാനച്ചനെ അറിയിച്ചു.

അങ്ങനെ 1812-ൽ സെക്രട്ടറിസ്ഥാനം രാജിവച്ച് മെത്രാനച്ചന്റെ അനുവാദത്തോടെ പള്ളിപ്പുറം സെമിനാരിയിൽ എത്തി സെമിനാരിയുടെ മല്പാൻ ചുമതല ഏറ്റെടുക്കുകയും ചെയ്തു.

## അബ്രാഹം മല്പാൻ യാത്ര പറയുന്നു

തന്നെ ഏൽപ്പിച്ചിരുന്ന സെമിനാരി ചുമതലകൾ ബലിഷ്ഠ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മായ കരങ്ങളിലാണ് ഏൽപ്പിക്കാൻ സാധിച്ചിരിക്കുന്നത് എന്ന സന്തോഷത്തോടെ അബ്രാഹം മല്പാൻ പള്ളിപ്പുറത്തോട് വിട പറഞ്ഞു തന്റെ സ്ഥലമായ കുത്തിയതോടിന് പോകാൻ തീരുമാനിച്ചു.

അധികം താമസിയാതെ അബ്രാഹം മല്പാനെ ചികിത്സക്കായി കുത്തിയതോടിന് യാത്രയാക്കി. പള്ളിപ്പുറത്തോട് വിട പറഞ്ഞു. അദ്ദേഹത്തെ പാലക്കലച്ചന്റെ നേതൃത്വത്തിൽ, സമ്മാനങ്ങളുമൊക്കെ കൊടുത്ത് വഞ്ചിയിൽ കുത്തിയതോട്ടിൽ കൊണ്ടു ചെന്നാക്കി. അവിടെ കൽപറമ്പിൽ അദ്ദേഹം താമസിച്ചു.

ഇടയ്ക്കിടെ, പ്രത്യേകിച്ച് തിരുനാൾ അവസരങ്ങളിൽ മല്പാനച്ചനെ കാണാൻ സമ്മാനങ്ങളുമായി ശിഷ്യഗണങ്ങളെയുംകൊണ്ട് പാലക്കൽ മല്പാനച്ചൻ കുത്തിയതോട്ടിൽ പോകുമായിരുന്നു.

അബ്രാഹം മല്പാന്റെ പിന്നീടുള്ള ജീവിതത്തെപ്പറ്റി അറിവുകളൊന്നും ലഭ്യമല്ല.

## വടയാർ പള്ളിയിലെ സെമിനാരി നിർത്തുന്നു

അക്കാലത്ത് വടയാർ പള്ളിയിൽ പാറേമ്മാക്കൻ മാത്തൻ മല്പാൻ ഒരു സെമിനാരി നടത്തി ശിഷ്യന്മാരെ എടുത്തു പഠിപ്പിച്ചിരുന്നു. വൈക്കത്ത് പള്ളി ഇടവകക്കാർ പഴേകടവിൽ യൗസേപ്പും, കടുത്തുരുത്തി പള്ളി ഇടവകക്കാരൻ മുട്ടത്തിൽ കുര്യനും, എരണക്കൽ കുരുവിളയും, മുട്ടുചിറപ്പള്ളി ഇടവകക്കാരൻ പറമ്പിൽ പൗലോസും ഇങ്ങനെ നാലുപേർ പഠിച്ചിരുന്നു.

ഈ കാലത്ത് തലയോലപ്പറമ്പിൽ ഒരു കുരിശുപള്ളി വയ്ക്കുന്നതിന് മലപ്പുറത്ത് ഇട്ടൻ കത്തനാരച്ചൻ പരിശ്രമം തുടങ്ങി. അപ്പോൾ, വടയാറെ മല്പാനച്ചൻ, ആ സ്ഥലം അദ്ദേഹത്തിന്റെ ഇടവകയ്ക്ക് ചേരേണ്ടതാണെന്നും അദ്ദേഹത്തിന് പള്ളി വയ്പ്പിക്കണമെന്നും വാദിച്ചു, സർക്കാരിൽ അന്യായം കൊടുത്തു.

ഈ വഴക്കുമുഖാന്തിരത്താൽ ഇട്ടൻ കത്തനാരച്ചൻ പെരിയ ബഹു. പ്രോസ്പർ മൂപ്പൻ പാതിരിയെ അറിയിച്ചു. നമ്മുടെ രൂപ



www.TheCMSIndia.org

തയിൽ ഉള്ളവര് നമ്മുടെ രൂപതയിൽ പഠിച്ചല്ലാതെ പട്ടം കൊടുക്കുകയില്ലെന്നും ആയതുകൊണ്ട് വടയാർ പഠിക്കുന്ന ഈ നാലു വാലിഭക്കാരെയും വടയാറുനിന്നും മാറ്റി പള്ളിപ്പുറത്തു പാലക്കൽ തോമ്മാന്റെ സെമിനാരിയിൽ പോയി ചേർത്തു, അവിടെ അവരെ പഠിപ്പിച്ചുകൊള്ളണമെന്നും ഒരു കല്പന വാങ്ങിച്ചു. അങ്ങനെ ഇട്ടൻ കത്തനാർ ഈ നാലുപേരെയും പള്ളിപ്പുറത്തു കൊണ്ടുചെന്നാക്കി.

## ശിഷ്യഗണം വർദ്ധിക്കുന്നു

തോമ്മാ മല്പാന്റെ ശിഷ്യന്മാരായിരുന്ന കോയിക്കമുക്കുപള്ളി ഇടവകക്കാരൻ ഊരാൺമെ ചാണ്ടപ്പിള്ള, കുറവിലങ്ങാട്ട് പള്ളി ഇടവകക്കാരൻ 40 വയസ്സായ പീലിപ്പോസ്, പള്ളിപ്പുറം ഇടവകക്കാരൻ മംഗലത്തുചാണ്ടി, വൈക്കത്തു പഴേകടവിൽ യൗസേപ്പ്, കടുത്തുരുത്തി ഇടവകക്കാരൻ മുട്ടത്തിൽ കുര്യൻ, എരണക്കൽ കുരുവിള, മുട്ടുചിറ ഇടവകക്കാരൻ പറമ്പിൽ പൗലോസ്, ചേന്നങ്കരി ഇടവകക്കാരൻ ചാവറ കുര്യാക്കോസ് എന്നിവർ.

വടയാറുനിന്നും 4 പേരുകൂടി വന്നതോടെ പള്ളിപ്പുറത്തെ സെമിനാരി മഹാസെമിനാരിയായി മാറി.

## പുതിയ സെക്രട്ടറി ചാർജെടുക്കുന്നു - പോരുക്കര തോമ്മാച്ചൻ

വരാപ്പുഴ വികാരി അപ്പസ്തോലിക്കയായിരുന്ന മെലേഷ്യസ് മെത്രാനെ 12-ാം ലെയോ മാർപ്പാപ്പാ 1827-ൽ റോമിലേക്ക് തിരിച്ചുവിളിച്ചു. പകരമായി ചാർജെടുത്തത് ബോംബെ വികാരി അപ്പസ്തോലിക്കായും കർമ്മലീത്താ സഭാംഗവുമായിരുന്ന മൗറേലിയൂസ് സ്തബലീനി മെത്രാനെ താൽക്കാലികമായി വരാപ്പുഴ രൂപതയുടെ ചുമതല ഏൽപ്പിച്ചു.

പാലക്കലച്ചൻ സെക്രട്ടറിയെന്ന നിലയിലും ആലോചനക്കാരനെന്ന നിലയിലും ശോഭിച്ചിരുന്നതിനാൽ അദ്ദേഹത്തെ വീണ്ടും സെക്രട്ടറിയാക്കാൻ ആഗ്രഹിച്ചു, ക്ഷണിക്കുകയും ചെയ്തു.



www.TheCMSIndia.org

എന്നാൽ പാലക്കലച്ചന് പള്ളിപ്പുറം സെമിനാരിയുടെ ചുമതല യിൽ നിന്നും വിട്ടുപോകാൻ ബുദ്ധിമുട്ടുണ്ടായിരുന്നതിനാൽ, സമർത്ഥനും വിശ്വസ്തനുമായ ഒരാളെ ആവശ്യപ്പെട്ടു. അങ്ങ നെ, തന്റെ സുഹൃത്തായിരുന്ന തങ്കശ്ശേരി പള്ളി വികാരിയായി ജോലി ചെയ്തിരുന്ന ചമ്പക്കുളത്ത് പോരൂക്കര തോമ്മാച്ചനെ സെക്രട്ടറിസ്ഥാനം ഏറ്റെടുക്കാൻ ആളയച്ചുവരുത്തി. അതോടു കൂടി ആലോചനക്കാരനെന്ന പദവിമാത്രം വഹിച്ചുകൊണ്ടുവ രികയും ചെയ്തു.

## നിയമങ്ങളും ക്രമങ്ങളും നിശ്ചയിക്കുന്നു

വളരെ കർശനമായ നിയമങ്ങളും ചട്ടങ്ങളുമായിരുന്നു പാല ക്കലച്ചൻ സെമിനാരിയിൽ നടപ്പിലാക്കിയിരുന്നത്. പള്ളിയുടെ വടക്കുവശത്തുള്ള വരാന്തയുടെ മുകൾത്തട്ടിലായിരുന്നു സെമി നാരി. കിഴക്കേ അറ്റത്തെ മുറി മല്പാനച്ചന്റെ കിടപ്പുമുറിയും പടിഞ്ഞാറെ അറ്റത്ത് ശമ്മാശ്ശന്മാരുടെ കിടപ്പുമുറിയും ആയിരു ന്നു. ഇടക്കുള്ള സ്ഥലത്ത് മേശയിട്ട് ഇരുവശവും ബഞ്ചിട്ട് കിഴക്കേ അറ്റത്ത് മല്പാനച്ചനുള്ള കസേരയുമിട്ട് ആയിരുന്നു ക്ലാസ് നടത്തിയിരുന്നത്.

ധ്യാനം, കൊന്തനമസ്കാരം, ലുത്തിനിയാ, ജ്ഞാനവായന, പഠനം, കുറേസമയം വിശ്രമം, നടക്കാൻ പോകൽ ഇങ്ങനെയാ യിരുന്നു ക്രമം. രാത്രി ഏറെയാകുമ്പോഴായിരുന്നു ഉറക്കം. ഇപ്ര കാരം വളരെ ചിട്ടയിലുള്ള ജീവിതക്രമമായിരുന്നു ശമ്മശ്ശന്മാർക്ക്.

ഭക്ഷണക്രമം സാധാരണരീതിയിലുള്ളതായിരുന്നു. മുഴുവൻ സമയവും ളോവ ധരിച്ചുകൊണ്ടു നടക്കണമായിരുന്നു. അതു മൂലം ചില ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുകയും വൈദ്യന്റെ നിർദ്ദേശപ്രകാരം, വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോൾ മാത്രം ളോവ ധരിച്ചാൽ മതിയെന്ന് തീരുമാനവുമുണ്ടായി.

## ലൈബ്രറി

വിശുദ്ധിയിൽ മാത്രമല്ല, അറിവിലും തന്റെ ശിഷ്യന്മാർ മുൻപ



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ന്തിയിലായിരിക്കണമെന്ന് പാലക്കലച്ചന് നിർബന്ധം ഉണ്ടായിരുന്നു. അതിനാൽ മലയാള ഭാഷയിലും തമിഴിലുമുള്ള പുസ്തകങ്ങൾ ശേഖരിച്ച് ഒരു പുസ്തക ലൈബ്രറി ഉണ്ടാക്കി.

ഇതിനാവശ്യ പുസ്തകങ്ങൾ മലയാളത്തിൽ ഇല്ലാതിരുന്നതിനാൽ, ഈശോസഭക്കാരുടെ പക്കൽനിന്നും പുസ്തകങ്ങൾ വരുത്തി ലൈബ്രറിയിൽ വച്ചിരുന്നു. വിശുദ്ധ ഇഗ്നേഷ്യസിന്റെ 8 ദിവസത്തെ ധ്യാനം, ആത്മീയ ഉണർവുകിട്ടാനുള്ള മറ്റു പുസ്തകങ്ങളും വാങ്ങിച്ച് വച്ചിരുന്നു. തമിഴിൽനിന്നും മലയാളത്തിലേക്ക് പുസ്തകങ്ങൾ തർജിമ ചെയ്ത് പാലക്കലച്ചൻ ഉപയോഗത്തിനായി വച്ചിരുന്നു. ഇതുകൂടാതെ പള്ളിപ്പുറത്തെ പതിയാമൂലവീട്ടിലെ തരീത് എന്ന പൈതലിനെ പകർത്തി എഴുതുവാൻ പഠിപ്പിച്ച് പല പുസ്തകങ്ങളും എഴുതി ഉണ്ടാക്കി. **(ചാവറ നാളാഗമം. P. 72-73).**

ഇതിൽനിന്നും തന്റെ ശിഷ്യന്മാർക്ക് അറിവു കൊടുക്കുവാൻ പാലക്കലച്ചൻ എത്രമാത്രം പരിശ്രമം നടത്തിയിരുന്നുവെന്ന് മനസിലാക്കാൻ സാധിക്കുന്നുണ്ട്. ഇങ്ങനെ ചെയ്തതുവഴി അദ്ദേഹത്തിന്റെ ശിഷ്യന്മാരും പിൽക്കാലത്ത് വലിയ പ്രാസംഗികരും അറിവുള്ളവരുമായി മാറിയതായി കാണാൻ കഴിഞ്ഞിട്ടുണ്ട്.

പഠിക്കാൻ കഴിവുള്ളവരെ കണ്ടുപിടിച്ച് കൂടുതൽ പഠിക്കാൻ അവസരം കൊടുത്തിരുന്നു. അറിവു സമ്പാദിക്കാൻ ലത്തീൻ പഠനം നല്ലതാണെന്ന് കണ്ട് അതിനും പ്രോത്സാഹിപ്പിച്ചിരുന്നു.

12 നിയമങ്ങളാണ് എഴുതി പഠനസ്ഥലത്ത് ഭിത്തിയിൽ തൂക്കിയിട്ടിരുന്നത്. റെക്ടറായ പാലക്കലച്ചനും ഈ നിയമങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്നതിൽ മുൻപിലായി, ശിഷ്യന്മാർക്ക് മാതൃക കാണിച്ചിരുന്നു. എന്തെങ്കിലും തീരുമാനിച്ചാൽ അത് നിഷ്ഠയായി ചെയ്തിരുന്നു.

ദിവസത്തിൽ 24 മണിക്കൂറും പാലക്കലച്ചൻ ശമ്മാശ്ശന്മാരുടെ കൂടെയായിരുന്നു. ഭക്ഷണം കഴിക്കാൻപോലും സ്വന്തം വീട്ടിൽ പോയിരുന്നില്ല. പെങ്ങൾ പാകം ചെയ്ത് മുറിയിൽ എത്തിച്ചിരുന്നു.



www.TheCMSIndia.org

# പാലക്കൽ മല്പാനച്ചന്റെ വ്യക്തിവിലാസം

## 1. സമുദായ ആചാര്യൻ

19-ാം നൂറ്റാണ്ടു കണ്ട സുറിയാനി സമൂഹത്തിന്റെ ഏറ്റവും വലിയ നേതാവായിരുന്നു പാലക്കൽ തോമ്മാ മല്പാൻ. അദ്ദേഹം വരാപ്പുഴ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായിരുന്നപ്പോൾ പല പരിഷ്കാരങ്ങളും സഭയിൽ വരുത്തിയത് പ്രശംസനീയങ്ങളായിരുന്നു.

അൽമായ നേതാക്കൾ കുറവായിരുന്ന ആ കാലത്ത് വിജ്ഞാനികളും വിവേകികളുമായ വൈദികർ ഉണ്ടാകണമെന്ന ആഗ്രഹം പാലക്കലച്ചന് ഉണ്ടായിരുന്നു. അതിനായി വൈദികർക്ക് കൂടുതൽ അറിവുകിട്ടാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി. വൈദിക വിദ്യാഭ്യാസത്തിനുള്ള പുസ്തകങ്ങൾ അദ്ദേഹം തേടി കണ്ടെത്തി. തമിഴിൽ നിന്നും മലയാളത്തിലേക്ക് പല പുസ്തകങ്ങളും അദ്ദേഹം വിവർത്തനം ചെയ്തു. തമിഴ്ഭാഷയിലുള്ള ആഴമായ അറിവും വിജ്ഞാനവും അദ്ദേഹത്തിനുണ്ടായിരുന്നു. ആയതിനാൽ അദ്ദേഹത്തെ കൂട്ടുകാരായ അച്ചൻമാർ **"പാണ്ടിമല്പാൻ"** എന്ന് കളിയാക്കി വിളിക്കുമായിരുന്നു.

## 2. ഗുരുവും മാതൃകയും

പാലക്കലച്ചൻ സെമിനാരി റെക്ടറായിരുന്നപ്പോൾ ശിഷ്യഗണത്തിന് നല്ലൊരു മാതൃകയായിരുന്നു. വൈദികവിദ്യാർത്ഥികളുടെ എല്ലാമായിരുന്നു. ആടുകൾക്കുവേണ്ടി ജീവൻ ത്യജിക്കുന്ന നല്ലിടയനെപ്പോലെ പഠനത്തിലും അദ്ധ്യാപനത്തിലും പ്രാർത്ഥനയിലും തപസിലും അദ്ദേഹം കൊടുത്ത നല്ല മാതൃകകൾ മതിയായിരുന്നു ഏതൊരു വൈദിക വിദ്യാർത്ഥിക്കും പുണ്യമാർഗത്തിലേക്കും വിജ്ഞാന സാമ്പാദനത്തിലേക്കും തിരിക്കാൻ.


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 3. ഹൃദയങ്ങളെ സ്പർശിക്കുന്ന വാഗ്മി

നല്ലൊരു പ്രാസംഗികനായിരുന്നു പാലക്കലച്ചൻ. തമിഴിലും മലയാളത്തിലും തെക്കൻ മലയാളത്തിലും സംസാരിക്കാൻ നല്ല കഴിവ് ഉണ്ടായിരുന്നു. ഞായറാഴ്ചകളിൽ പല പള്ളികളിലും തിരുനാൾ പ്രസംഗങ്ങൾ നടത്തിയിരുന്നു. നീതിക്കും മിശിഹായുടെ മാർഗ്ഗത്തിനും ചേരാത്തനീക്കങ്ങളുടെ നേരെ അദ്ദേഹം എന്നും വിരൽചൂണ്ടുകയും എതിർക്കേണ്ടതാണെന്ന് മുഖം നോക്കാതെ പറയുമായിരുന്നു. അനർഗളമായി ഒഴുകുന്ന ആശയങ്ങളായിരുന്നു പ്രസംഗങ്ങളിൽ.

## 4. നീതിക്കുവേണ്ടി നിലനിന്നവൻ

അക്കാലത്ത് ലത്തീൻ സമുദായക്കാരെ താഴ്ന്ന സമുദായക്കാരായിട്ടാണ് കണ്ടിരുന്നത്. അധകൃതരായിട്ടാണ് പരിഗണിച്ചിരുന്നത്. ലത്തീൻ റീത്തിൽ അഞ്ഞൂറ്റിക്കാരും എഴുനൂറ്റിക്കാരും എന്ന വിവേചനം ഉണ്ടായിരുന്നു. ന്യൂനപക്ഷമായിരുന്നു അഞ്ഞൂറ്റിക്കാർ. അവർ അവശരും അധകൃതരുമായി പരിഗണിച്ചിരുന്നു. എന്നാൽ എഴുന്നൂറ്റിക്കാർ പ്രബലരായിരുന്നു. അഞ്ഞൂറ്റിക്കാരിൽ നിന്നു വൈദികരില്ലായിരുന്നു.

സ്തബലിനി മെത്രാന് ഈ വിവേചനം ഒട്ടും ഇഷ്ടമായില്ല. ഇത് ശ്ലീഹാക്കടുത്ത നടപടിയല്ലായെന്നു തോന്നി. എന്നാൽ ഇത് എഴുനൂറ്റിക്കാരായ പ്രബലവിഭാഗത്തിന് ഇഷ്ടമായില്ല. സ്തബലിനി മെത്രാൻ തന്റെ ആലോചനക്കാരനായ പാലക്കൽ മല്പാനോട് ആലോചന ചോദിച്ചു.

ലത്തീൻ റീത്തിലെ അഞ്ഞൂറ്റിക്കാരിൽനിന്നും വൈദികർ വേണമെന്നും യോഗ്യരായവർക്ക് പട്ടം കൊടുക്കണമെന്നും സമുദായത്തിന്റെ ഉച്ചനീചത്വത്തിന്റെ പേരിൽ അയോഗ്യത കല്പിക്കരുതെന്നും പാലക്കൽ മല്പാനച്ചൻ ശക്തിയായി വാദിച്ചു. മെത്രാനച്ചൻ അഞ്ഞൂറ്റിക്കാർക്ക് പട്ടം കൊടുത്തു.

ഈ പ്രവർത്തി ഒരു വിപ്ലവത്തിന് തിരി കൊളുത്തുകയായിരുന്നു. മല്പാനച്ചനാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്നു



www.TheCMSIndia.org

മനസിലാക്കിയ എഴുന്നൂറ്റിക്കാർ അവരുടെ പള്ളികളിൽ കയറു ന്നതിനും പ്രസംഗിക്കുന്നതിൽനിന്നും പാലക്കലച്ചനെ വിലക്കി. സ്തബലിനി മെത്രാനുപോലും വരാപ്പുഴയിൽ ജീവിക്കാൻ പറ്റാത്ത സാഹചര്യമായി. വരാപ്പുഴയിൽ നിന്നും താമസം മാറ്റു ന്നതാണ് നല്ലതെന്ന് പലരും പറഞ്ഞു. അങ്ങനെ അഞ്ഞൂറ്റിക്കാ രുടെ പ്രധാന പള്ളിയായ അർത്തുങ്കൽ പോയി താമസിക്കാൻ നിർബന്ധിച്ചു. മെത്രാനച്ചൻ അർത്തുങ്കൽ പള്ളിയിലേക്ക് താമസം മാറ്റി. ഇവിടെവച്ചായിരുന്നു ചാവറ കുര്യാക്കോസ് ശമ്മാ ശന്റെ പട്ടം സ്വീകരണം നടന്നത്. ഇവിടെവച്ചാണ് സ്തബലിനി മെത്രാൻ കർമ്മലീത്താ സഭ സ്ഥാപിക്കാൻ അനുവാദം കൊടു ത്തത്.

## 5. നലംതികഞ്ഞ ആലോചനക്കാരൻ

മെത്രാനച്ചന്റെ സെക്രട്ടറിസ്ഥാനം രാജിവച്ച് മല്പാനായി പള്ളിപ്പുറം സെമിനാരിയിലേക്ക് പോന്നെങ്കിലും തന്റെ ആലോ ചനക്കാരനായി തുടരണമെന്ന് ആവശ്യപ്പെടുകയും അതുപ്ര കാരം സമ്മതിക്കുകയും ചെയ്തു.

കുറേനാൾ സെക്രട്ടറിയായിരുന്നപ്പോൾ പള്ളികളെക്കുറിച്ചും അവയുടെ സ്വത്തുക്കളെക്കുറിച്ചും അവയുടെ കേസുകളെക്കു റിച്ചും ചില പ്രധാനപ്പെട്ട പള്ളികളിലെ ഗ്രൂപ്പുവഴക്കുകളെക്കു റിച്ചുമെല്ലാം നന്നായി മനസിലാക്കുകയും പഠിക്കുകയും ചെയ്തി രുന്നു. അതുകൊണ്ട് ഏതൊരു കുഴഞ്ഞ പ്രശ്നം വരുമ്പോഴും അരമനയിൽ നിന്നും പാലക്കലച്ചനെ വിളിപ്പിച്ചിരുന്നു.

സെക്രട്ടറിയായി തന്റെ കൂടെ വേണമെന്ന് പല പ്രാവശ്യം പാലക്കൽ മല്പാനെ നിർബന്ധിച്ചുവെങ്കിലും പള്ളിപ്പുറത്തെ സെമിനാരിയിലെ ശമ്മാശ്ശന്മാരെ വിട്ടുപിരിഞ്ഞുപോരാൻ ഇഷ്ട മില്ലായിരുന്നു. അവസാനം, നിർബന്ധം കൂടിവന്നപ്പോൾ സമർത്ഥ നായ ഒരാളെ കൊടുക്കാമെന്ന് സമ്മതിച്ചു. അങ്ങനെ തങ്കശ്ശേരി പള്ളിയിൽ വികാരി ജോലി നോക്കിയിരുന്ന പോരൂക്കര തോമ്മാ ച്ചനെന്ന സമർത്ഥനായ വൈദികൻ സെക്രട്ടറി ജോലി ഏറ്റെടു



www.TheCMSIndia.org

ക്കുന്നതിനായി വികാരിസ്ഥാനം മതിയാക്കി വരാപ്പുഴക്കുവന്നു.

അരമനയിൽ സെക്രട്ടറിയായി ചാർജെടുത്തശേഷവും പോരൂക്കര അച്ചൻ ഇടക്കിടയ്ക്ക് പള്ളിപ്പുറത്തുവന്ന് പാലക്കൽ മല്പാനച്ചനോടും ആലോചന ചോദിച്ചിരുന്നു. ഇങ്ങനെ അവർ തമ്മിലുള്ള സൗഹൃദവും വളർന്നുവന്നു. ഇത് പിന്നീട് സിഎംഐ സഭയുടെ സ്ഥാപനത്തിന് ആരംഭമിടുകയും ചെയ്തു.

## 6. പാലക്കൽ മല്പാൻ – ഒരു ക്രാന്തദർശിയും ബുദ്ധികുർമ്മനും

വരാപ്പുഴ അരമനയ്ക്ക് ഒരു കുഴഞ്ഞ പ്രശ്നം ഉണ്ടായിരുന്നു. പ്രസിദ്ധമായ ഒരു തെങ്ങിൻതോപ്പു കേസ്. **"മണപ്പുറം തോപ്പ്"** എന്നാണ് അറിയപ്പെട്ടിരുന്നത്. വികാരി ജനറാളായിരുന്ന പ്രോസ്പർ അച്ചനാണ് കേസ് നേരിട്ടു നടത്തിയിരുന്നത്. അരമനയുടെ ആ തെങ്ങിൻതോപ്പ് വളരെ ഫലഭൂയിഷ്ഠമായതുമായിരുന്നു. കേസ് അരമനക്കെതിരായി വിധിക്കുകയും സ്ഥലം കോടതിയിൽ നിന്നും ലേലത്തിനു വയ്ക്കുകയും ചെയ്തു.

കോട്ടയത്തുകാരനായ കുര്യൻ എന്ന മെത്രാനാണ് ചങ്കായ ആ സ്ഥലം ലേലത്തിൽ പിടിച്ചത്. അതു നടത്തിയെടുക്കുന്നതിന് കോടതി വേണ്ട സഹായവും ചെയ്തുകൊടുത്തു. വരാപ്പുഴയ്ക്ക് അഭിമാനവും സ്ഥലവും നഷ്ടപ്പെട്ടു.

അങ്ങനെവന്ന സാഹചര്യത്തിൽ ഈ വിഷയത്തെപ്പറ്റി ആലോചിക്കുവാനും സ്ഥലം വീണ്ടെടുക്കുവാനുള്ള മാർഗ്ഗത്തെപ്പറ്റി പുനർവിചിന്തനം നടത്താനും പാലക്കൽ മല്പാന്റെ അടുത്തേക്ക് ആളെ അയച്ചു.

പാലക്കൽ അച്ചൻ ഉടനെ അരമനയിൽ എത്തി. ബുദ്ധിമോശം സംഭവിച്ചത് സംഭവിച്ചുപോയി. ഇനിയുള്ള പോംവഴിയെപ്പറ്റി ആലോചിച്ചു. കോട്ടയത്തു താമസിക്കുന്ന ആംഗ്ലിക്കൻ ബിഷപ്പുവഴി ആവശ്യപ്പെട്ടാൽ, യാക്കോബായ മെത്രാൻ സ്ഥലം തിരികെ വിലക്കെങ്കിലും തരുമെന്ന് പാലക്കലച്ചൻ പറഞ്ഞു. ഇതിന് ആരു പോയി പറയും? ഇതിനും പാലക്കൽ മല്പാന്



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തന്റെ ടെക്നിക്കുകൾ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: "കുട മാളൂർ സന്ദർശിക്കാനെന്ന ഭാവത്തിൽ മെത്രാനച്ചൻ കുട്മാളൂർ എത്തുക. അവിടെ താമസിച്ചുകൊണ്ട് രഹസ്യമായി കോട്ടയ ത്തുചെന്ന് ആംഗ്ലിക്കൻ ബിഷപ്പിനെ കാണുക."

മെത്രാനച്ചൻ കുടമാളൂർക്ക് എത്തുന്നതിനു മുൻപായി മല്പാ നച്ചൻ കോട്ടയത്ത് എത്തി. ബിഷപ്പിനേയും മദാമ്മയേയും കണ്ടു. മെത്രാനച്ചന്റെ സന്ദർശനത്തെക്കുറിച്ച് അറിയിച്ചു.

അങ്ങനെ എല്ലാ കാര്യങ്ങളും ഇണക്കിയശേഷം മല്പാനച്ചൻ ഒന്നും അറിയാത്തവനെപ്പോലെ തിരിച്ചുപോന്നു.

ബിഷപ്പിനെ പ്രതീക്ഷിച്ചിരുന്ന ആംഗ്ലിക്കൻ ബിഷപ്പ് വരാ പ്പുഴ ബിഷപ്പിനെ ആദരപൂർവം സ്വീകരിച്ചു. പാലക്കൽ മല്പാൻ എല്ലാം പറഞ്ഞുവച്ചിരുന്നതുകൊണ്ട് മെത്രാനച്ചന് വസ്തുതക ളെപ്പറ്റി കൂടുതൽ പറയേണ്ടിവന്നില്ല.

മെലേഷ്യസ് മെത്രാൻ കുടമാളൂരിൽ നിന്നും തിരിച്ചുപോരു ന്നതിനുമുമ്പ് തന്നെ **"മണപ്പുറം തെങ്ങിൻതോപ്പ്"** വരാപ്പുഴക്ക് ലേലത്തുക പറ്റിക്കൊണ്ട് തിരിച്ചെഴുതിക്കൊടുക്കാമെന്ന് സമ്മ തിക്കുന്ന, യാക്കോബായ മെത്രാന്റെ കത്ത് കുടമാളൂർ എത്തിയി രുന്നു. പാലക്കലച്ചന്റെ ബുദ്ധികൂർമ്മതയേയും നയചാതുരി യേയും എല്ലാവരും മുക്തകണ്ഠം പ്രശംസിച്ചു.

## 7. പാലക്കൽ മല്പാൻ - ഒരു വിശുദ്ധനെ വാർത്തെ ടുത്ത വ്യക്തി

കൈനകരിയിലെ കരിയിൽ നിന്നും കുളിപ്പിച്ചെടുത്ത അനർഘമുത്തായിരുന്നു ചാവറയച്ചൻ. പത്തുവയസ്സുകാരനായ ചാവറ കുര്യാക്കോസ് എന്ന ബാലൻ പാലക്കലച്ചനോടുകൂടി പള്ളിപ്പുറത്തേക്ക് പോരുമ്പോൾ, തന്നെ കാണിച്ചുതരുന്ന നാട്ടി ലേക്ക് എല്ലാം ഉപേക്ഷിച്ചുപോരാൻ ദൈവം പറഞ്ഞിട്ട് അപ്ര കാരം പുറപ്പെട്ട അബ്രാഹത്തെപ്പോലെയായിരുന്നു കൊച്ചുകു ര്യാക്കോസ്. ഈ മുത്തിനെ വിലയേറിയ മുത്താക്കാൻ പാല യ്ക്കൽ മല്പാനച്ചൻ തന്റെ ജീവിതകാലം മുഴുവൻതന്നെ വിനി


www.TheCMSIndia.org

യോഗിച്ചുവെന്നുപറയാം.

പാലക്കലച്ചനായിരുന്നു കൊച്ചുകുര്യാക്കോസിന്റെ അപ്പനും അമ്മയും ജ്യേഷ്ഠനുമെല്ലാം. പ്രാർത്ഥിക്കുന്ന രീതി മുതൽ ഉന്നതമായ ദൈവവിജ്ഞാനം വരെ മല്പാനിൽ നിന്നും കുര്യാക്കോസിനു കിട്ടിയതായിരുന്നു.

കൊച്ചുകുര്യാക്കോസിന് പ്രത്യേകനിർദ്ദേശങ്ങൾ കൊടുക്കുവാനും പണ്ഡിതനായ വൈദികനായിത്തീരുന്നതിന് എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്തുകൊടുക്കുവാനും മല്പാനച്ചൻ തയ്യാറായിരുന്നു. പുസ്തകശേഖരങ്ങളുടെ ഒരു ലൈബ്രറിയും അവ എങ്ങനെ ഉപയോഗപ്പെടുത്തണമെന്നു ശിഷ്യനു പറഞ്ഞു കൊടുത്തു. മല്പാനച്ചൻ അരമനയിൽ പോകുമ്പോഴും വേറെ എവിടെയെങ്കിലും പോകുമ്പോഴും പകരം ക്ലാസ് എടുത്തിരുന്നത് ചാവറയച്ചനായിരുന്നു. അബ്രാഹം മല്പാൻ പാലക്കൽ തോമ്മാച്ചനെ തന്റെ പിൻഗാമിയായി കണ്ടതുപോലെ പാലക്കൽ മല്പാനച്ചനും തന്റെ പിൻഗാമിയായി മനസിൽ കണ്ടത് ചാവറ കുര്യാക്കോസച്ചനെയായിരുന്നു.

തന്റെ അരുമശിഷ്യന് ഒന്നിന്റെയും കുറവുണ്ടാകരുതെന്ന് നിർബന്ധം പാലക്കൽ മല്പാനച്ചനുണ്ടായിരുന്നു. അതുകൊണ്ടാണ് ലത്തീൻ പഠിക്കാനായി വരാപ്പുഴ സെമിനാരിയിൽ അയച്ചത്.

ചാവറയച്ചൻ വിശുദ്ധിയിലേക്ക് അതിവേഗം പറന്നുയർന്നത് പാലക്കലച്ചനെന്ന ഗുരുവിന്റെ നല്ല മാതൃകയായിരുന്നു. വിശുദ്ധ കുർബാനയോടുള്ള ഭക്തി, മാതാവിനോടുള്ള ഭക്തി, ഭക്താനുഷ്ഠാനങ്ങൾ നിർവഹിക്കാനുള്ള പ്രചോദനം, പാലക്കലച്ചനിൽ നിന്നും കിട്ടിയതായിരുന്നു. അതുപോലെതന്നെ പ്രസംഗം പറയൽ, അൽമായർക്ക് നേതൃത്വം കൊടുക്കൽ ഇവയെല്ലാം ഗുരുവിൽനിന്നും കിട്ടിയ നല്ല ശീലങ്ങളായിരുന്നു.

## കുർബാനപട്ടവും പ്രതിസന്ധിയും - മെത്രാനച്ചനെ ധൈര്യപ്പെടുത്തുന്ന മല്പാനച്ചൻ


www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ശമ്മാശ്ശന്മാരുടെ പട്ടം അടുത്തുവരികയായിരുന്നു. പാലക്കലച്ചന്റെ കീഴിൽ ചാവറ കുര്യാക്കോസ് ശമ്മാശ്ശന്റെ പഠനമെല്ലാം പൂർത്തിയായിരുന്നു. പക്ഷെ, വരാപ്പുഴയിലെ എഴുന്നൂറ്റിക്കാരും അഞ്ഞൂറ്റിക്കാരും തമ്മിലുള്ള എതിർപ്പു വലുതായിക്കൊണ്ടിരുന്നു. മെത്രാനച്ചന്റെ വരാപ്പുഴയിലുള്ള താമസംതന്നെ പ്രതിസന്ധിയിലായി. അദ്ദേഹം, പട്ടം സ്വീകരിക്കാനുള്ളവരെ ഉപേക്ഷിച്ചിട്ട്, വിദേശത്തോട്ട് പോകാൻ തീരുമാനിച്ചിരിക്കെ, മെത്രാനച്ചന് ധൈര്യം കൊടുത്തത് പാലക്കൽ മല്പാനച്ചന്റെ സമയോചിതമായ പ്രവർത്തിയായിരുന്നു.

പാലക്കൽ തോമ്മാ മല്പാൻ ജനങ്ങളെ സംഘടിപ്പിച്ചു. രണ്ടു മൂന്നു മെമ്മോറാണ്ഡങ്ങൾ നൽകി മെത്രാനച്ചന് ആത്മവിശ്വാസം കൊടുത്തു. വരാപ്പുഴയിൽ നിന്നും സുരക്ഷിതമായി, അഞ്ഞൂറ്റിക്കാരുടെ പ്രാബല്യമുള്ള അർത്തുങ്കൽ പള്ളിയിൽ കൊണ്ടുചെന്ന് താമസിപ്പിച്ചു.

മെത്രാനച്ചന്റെ മനസ് ശാന്തമായപ്പോൾ ചാവറയേയും മറ്റു പട്ടമേൽക്കാനുള്ള ശമ്മാശന്മാരെയും അവിടെ എത്തിച്ചു. പിന്നീട് അവർക്ക് മെത്രാനച്ചൻ പട്ടം കൊടുക്കുകയും ചെയ്തു. തന്റെ ശിഷ്യന്മാരുടെ പുരോഹിത പട്ടത്തിനുവേണ്ടി പാലക്കൽ മല്പാനച്ചൻ സഹിച്ച ക്ലേശങ്ങൾ, ക്രാന്തദർശിയായ ചാവറ കുര്യാക്കോസ് അച്ചനിൽ വലിയ ചലനങ്ങളാണ് ഉണ്ടാക്കിയത്.

ഗുരുവിന്റെ ജീവിതത്തെ പിന്തുടർന്നും ഗുരുമുഖത്തുനിന്നും പഠിച്ചും, ഗുരുവിനെ അനുകരിച്ചും ജീവിച്ച് വിശുദ്ധിയിലേക്ക് വളർന്നുവന്ന ചാവറയെയാണ് പിന്നീട് നമ്മൾ കാണുന്നത്. ചാവറയെ വിശുദ്ധനാക്കുവാൻ വേണ്ടിവന്ന ഗുരുവായ പാലക്കൽ തോമ്മാ മല്പാന്റെ കരങ്ങളും ജീവിതവും ശ്രേഷ്ഠമായതുതന്നെ.

## സന്ന്യാസദർശനം ലഭിച്ച പാലക്കൽ മല്പാൻ

"ലോകത്തിൽ ജീവിച്ചാൽ രക്ഷപ്രാപിക്കാൻ പ്രയാസമാണ്" എന്ന ചിന്തയും ആയതിനാൽ വനവാസത്തിനു പോകാം എന്നുമുള്ള ചിന്തയും ആദ്യം വന്നത് പാലക്കൽ മല്പാനച്ചന് ആയി



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

രുന്നു എന്നാണ് പറയപ്പെടുന്നത്.

പാലക്കലച്ചന്റെ ബഹുമുഖ പ്രവർത്തനങ്ങൾക്ക് മകുടം ചാർത്തുന്നത്, സന്യാസജീവിതത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും സിഎംഐ സഭ ആരംഭിക്കുന്നതിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങളും സമാപ്തിയിൽ എത്തിച്ചേരലുമായിരുന്നു.

യൂറോപ്പിലും മറ്റും, സന്യാസ സഭകളായിരുന്നു വലിയ വലിയ സെമിനാരികൾ നടത്തിക്കൊണ്ടുപോന്നിരുന്നത്. ഉദാഹരണമായിരുന്നു ഡൊമിനിക്കൻ സഭ.

പാലക്കലച്ചന്റെ വീക്ഷണത്തിൽ ആ കാലത്ത് കേരളസഭയ്ക്ക് ആവശ്യമായിരുന്നത് വിജ്ഞാനികളായ വൈദികരെയായിരുന്നു. ഇതിന് ആവശ്യമായിരുന്നത് നല്ല നിലയിലുള്ള സെമിനാരിയായിരുന്നു. അതുപോലെതന്നെ ദൈവജനത്തെ മന്ദജീവിതത്തിൽ നിന്നും തട്ടിയുണർത്തുന്നതിന് അവർക്ക് ദൈവവിജ്ഞാനവും ബൈബിൾ ഭാഷ്യവും നൽകുന്നതിനും നല്ല സഭാ പ്രസംഗകരെയും ധ്യാനഗുരുക്കന്മാരെയും കേരളസഭയ്ക്ക് ആവശ്യമാണെന്നും അറിഞ്ഞിരുന്നു. ഇതിനെല്ലാം ഒരു സന്യാസ സഭ വേണം എന്നതായിരുന്നു മനസിലുണ്ടായിരുന്ന ദർശനം.

മല്പാനച്ചൻ തന്റെ ചിന്തകൾ ശിഷ്യരോട് പങ്കുവച്ചിരുന്നു. ഇതിനുവേണ്ടി പ്രാർത്ഥിക്കണമെന്നും പറഞ്ഞിരുന്നു. ഈ ദർശനങ്ങൾവച്ചുകൊണ്ട് തന്റെ ഉറ്റമിത്രമായ പോരൂക്കര തോമ്മാച്ചന്റെ അഭിപ്രായമറിയുവാൻ പാലക്കലച്ചൻ ശ്രമിക്കുകയും ചെയ്തു.

## താപസഭവനം (ദർശനവീട്)

"ലോകത്തിൽ ജീവിച്ചാൽ - ലോകരോടൊത്തു ജീവിച്ചാൽ - പുണ്യപ്പെടുക അസാധ്യമാണ്" എന്നും കേരളസഭയിൽ വിശുദ്ധർ ഉണ്ടാകണമെങ്കിൽ നിരന്തരം പ്രാർത്ഥനയിൽ ചിലവിടുന്ന **"താപസഭവനങ്ങൾ"** വേണമെന്നുള്ള ആശയം പോരൂക്കരയച്ചനും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൂട്ടുകാരനായ യാക്കോബിനേയും ഈ ചിന്തയിലേക്ക് കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഈ കാലത്ത് കർമലമാതാവിന്റെ അൽമായർക്കുള്ള കർമല മാതാവിന്റെ ദർശനസമൂഹം സുറിയാനി പള്ളികളിൽ പ്രചരിപ്പിക്കുവാൻ പാലക്കൽ മല്പാനച്ചൻ പരിശ്രമിക്കുന്നുണ്ടായിരുന്നു. ഈ സമൂഹത്തിന്റെ ഉന്നതമായ ഒരു സമിതി പട്ടക്കാർക്കുവേണ്ടി ഉണ്ടാകണമെന്ന് – "ഒരു ദർശനസമൂഹം" – ആഗ്രഹിച്ചിരുന്നു.

ഇതിനെപ്പറ്റി പാലക്കലച്ചനും പോരൂക്കരയച്ചനും നിരവധി പ്രാവശ്യം ചർച്ച നടത്തിയിരുന്നു. ഇതിനായി പല തവണ അർത്തുങ്കൽ നിന്നും പള്ളിപ്പുറത്തു വന്നിരുന്നു. ഇതെല്ലാം പട്ടമേൽക്കാൻ ഒരുങ്ങുന്ന ചാവറ ശെമ്മാശ്ശനും അറിയുന്നുണ്ടായിരുന്നു. അതുകൊണ്ടാണ് ചാവറ ശെമ്മാശ്ശൻ തന്റെ പുത്തൻ കുർബാനയിൽ ഈ ദർശനവീട് – സഭ – ഉണ്ടാകാൻ പ്രാർത്ഥിച്ചത്.

## മെത്രാനച്ചന്റെ പക്കലേക്ക്

ഒരു ദിവസം തോമ്മാച്ചന്മാർ രണ്ടുപേരും കൂടി ആലോചിച്ച ശേഷം മെത്രാനച്ചനെ കാണാൻ പോയി. അവർ മെത്രാനച്ചനെ കണ്ടിട്ട് പറഞ്ഞു: "ഞങ്ങൾക്ക് ഒരാഗ്രഹമുണ്ട്. ഞങ്ങൾ രണ്ടു പേരും എവിടെയെങ്കിലും ഒതുങ്ങി പാർക്കണമെന്ന് നിരൂപിച്ചിരിക്കുകയാണ്. അതിനുള്ള അനുവാദം തരണം. ഇവിടെ സെക്രട്ടറി ജോലി ചെയ്യാൻ വേറൊരാളെ തരാം."

ഇതിൽ ഒരാൾ, പള്ളിപ്പുറം സെമിനാരിയുടെ മല്പാനാണ്, മറ്റെയാൾ മെത്രാനച്ചന്റെ സെക്രട്ടറിയുമാണ്. ഇവരാണ് വനവാസത്തിനു പോകാൻ അനുവാദം ചോദിച്ചിരിക്കുന്നത്.

അഭ്യർത്ഥന കേട്ടശേഷം മെത്രാനച്ചൻ പറഞ്ഞു: "അൽപ്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടു പേരുള്ളത് മിണ്ടടക്കമായിട്ടു വല്ലയിടത്തും ഒതുങ്ങി പാർത്താൽ പിന്നെ, ലോകരെ പഠിപ്പിക്കാൻ ആരുണ്ട്? അങ്ങനെ നിങ്ങൾക്ക് മനസുണ്ടെങ്കിൽ ഒരു കൊവേന്തവയ്പിൽ, എന്നാൽ എല്ലാവർക്കും ഉപകാരമാകുമല്ലോ" എന്നു കൽപ്പിച്ചു.

അപ്പോൾ ഈ രണ്ടുപേരും കൂടി പറഞ്ഞു: "അത് കഴിയുന്ന


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കാര്യമോ? ആരു സഹായിക്കും? രാജാക്കൾ ചെയ്യുവാനുള്ള കാര്യമല്ലയോ അത്?"

അപ്പോൾ മെത്രാനച്ചൻ പറഞ്ഞു: "മനസ്സായിട്ടു ഉത്സാഹിച്ചു പുറപ്പെട്ടാൽ നടക്കും. അതെന്ത്യേ, ക്രിസ്ത്യാനികൾ വളരെ ഉണ്ടല്ലോ. അവരോടു ധർമ്മം വാങ്ങിച്ചാൽ മതിയല്ലോ" **(ചാവറ നാളാഗാമം. P. 6-7)**. അങ്ങനെ അവർ അതുകേട്ടശേഷം സ്തുതി പറഞ്ഞു പിരിഞ്ഞു.

## "കൊവേന്ത" എന്ന ചിന്തയ്ക്ക് രൂപംപ്രാപിക്കുന്നു

വൈദികരെ പഠിപ്പിക്കാനും സുവിശേഷപ്രസംഗങ്ങൾ നടത്താനും ആളുണ്ടാകാൻ ഒരു സഭ സ്ഥാപിക്കണമെന്ന ചിന്ത വളരാൻ തുടങ്ങി.

പാലക്കലച്ചന്റെ ദർശനം പോരൂക്കരയച്ചൻ താപസഭവനമാക്കി മാറ്റി. അത് ദൈവത്തിന്റെ സഭയുടെ പ്രതിനിധിയായ മെത്രാനച്ചൻ കൊവേന്തവയ്ക്കാനുള്ള ആശയമാക്കി മാറ്റി. ഇതിനായി "ക്രിസ്ത്യാനികൾ സഹായിക്കും" എന്ന മെത്രാനച്ചന്റെ അഭിപ്രായം നിവർത്തിക്കാനായി പോരൂക്കരയും പാലക്കലും കൂടി ആലോചിച്ചു. ഒരു ധർമ്മകടലാസിനായി മെത്രാനച്ചനെ വീണ്ടും സമീപിക്കാനായി തീരുമാനിച്ചു.

അങ്ങനെ, മെത്രാനച്ചനെ കണ്ട് ധർമ്മക്കടലാസ് എഴുതിക്കൊടുത്തു. ധർമ്മക്കടലാസ് കൊടുത്തതോടുകൂടി 200 രൂപായും മെത്രാനച്ചൻ അവരുടെ പക്കൽ കൊടുത്തു. അതിൽ ഇപ്രകാരം എഴുതി ഒപ്പിട്ടു: "ഈ കടലാസ് ഏൽപിച്ചിരിക്കുന്ന പാലക്കൽ തോമ്മാ കത്തനാരുടെയും പോരൂക്കര തോമ്മാ കത്തനാരുടെയും കയ്യിൽ കൊടുത്ത രൂപ 200 എന്നും എഴുതി.

അങ്ങനെ പാലക്കൽ തോമ്മാ കത്തനാരാണ് സഭയുടെ സ്ഥാപകരിൽ പ്രമുഖനായി ആരംഭം മുതൽ കാണാൻ കഴിയുന്നത്.

## പിരിവിനിറങ്ങുന്നു

ധർമ്മക്കടലാസുമായി ആദ്യം പോയത് കുട്ടനാട്ടിലേക്കായി



www.TheCMSIndia.org

രുന്നു. നല്ല സുഖമില്ലാതിരുന്നിട്ടും പാലക്കലച്ചനും കൂടെപോയി. ഇവരുടെ കയ്യിൽ കൊടുത്ത രൂപ എന്നാണ് പലരും ധർമ്മക്കടലാസിൽ എഴുതിയതും.

## സ്ഥലം അന്വേഷിച്ചു പുറപ്പെടുന്നു

കൊവേന്ത സ്ഥാപിക്കാൻ പറ്റിയ സ്ഥലം അന്വേഷിച്ച് അവർ പുറപ്പെട്ടു. പാലക്കലച്ചന്റെ സൗകര്യം നോക്കി കാത്തിരുന്നു. ആദ്യയാത്രയിൽ ചാവറയച്ചൻ ഇല്ലായിരുന്നു.

സ്ഥലം അന്വേഷിച്ചുപോയവർ ഇവരായിരുന്നു. പാലക്കൽ തോമ്മാ മല്പാൻ, പോരൂക്കര തോമ്മാച്ചൻ, വാലിഭക്കാരൻ കണിയാന്തറ യാക്കോബ്, പള്ളിപ്പുറത്തു കല്ലുങ്കൽ ഇട്ടൂപ്പും പിന്നെ ഈഴവനായ ഇട്ടൻ എന്നയാളും ആയിരുന്നു.

ഇവർ ആറുവഴി വള്ളത്തിൽപോയി വെട്ടിക്കാട്ടുമുക്കും കടന്ന് മുളക്കുളത്തുചെന്നു. അവിടെങ്ങും മനസിനിണങ്ങിയ സ്ഥലം കണ്ടില്ല. വഴിയിൽ കണ്ട കുന്നുംമലയുമൊക്കെ കണ്ടു. മണക്ക എന്ന സ്ഥലത്തുവന്നപ്പോൾ അവിടെ ഒരു കുന്നുകണ്ടു. അതു കയറി കാണാൻ തുടങ്ങിയപ്പോൾ മല്പാനച്ചന് ക്ഷീണമായി. വള്ളത്തിൽത്തന്നെ വിശ്രമിച്ചു. ഇങ്ങനെ ക്ഷീണമായിട്ടുപോലും പാലക്കലച്ചനെത്തന്നെയാണ് കൊവേന്തയുടെ സൈറ്റ് കണ്ടുപിടിക്കാൻ കൊണ്ടുപോകുന്നത്. മല്പാനച്ചന് ഇഷ്ടപ്പെട്ടാൽ എല്ലാവർക്കും ഇഷ്ടമായി; ഇല്ലായെങ്കിൽ ഇഷ്ടമല്ല. ഇതായിരുന്നു എല്ലാവരുടെയും നിലപാട്.

പെരിയപ്പുറം മാത്തൻ എന്നയാൾ അയാളുടെ കുന്നുംപുറം കൊടുക്കാമെന്ന് കത്തെഴുതി. വികാരിയുടെ കത്തോടുകൂടി പാലക്കൽ മല്പാനച്ചന്റെ പേരിൽ കൊടുത്തയച്ചു.

മല്പാനച്ചന്റെ അസുഖം മാറിയപ്പോൾ ഒരു പുത്തൻകുർബാനയ്ക്ക് പോയി. തിരികെ വരുമ്പോൾ പോറോത്തു എന്ന സ്ഥലം കേറിക്കണ്ടു. ഇവിടെ കുര്യാക്കോസ് ചാവറയച്ചനും കൂടെ ഉണ്ടായിരുന്നു.

ഇങ്ങനെ വേദഗിരിക്കുന്ന്, കുടമാളൂർ ഉള്ള പുല്ലരിക്കുന്ന്



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

എന്നിവയും കണ്ടു. പുല്ലരിക്കുന്ന് ഏകദേശം ഇഷ്ടപ്പെട്ടു. ഈ സ്ഥലം വാങ്ങാൻ പോരൂക്കരയച്ചനെ പാലക്കൽ മല്പാനച്ചൻ നിയോഗിച്ചു.

## ഗവർണർ സായിപ്പിനെ കാണുന്നു - രാജാവിനെയും കാണുന്നു

ഗവർണർ സായിപ്പ് കൊച്ചിയിൽ വരുന്നെന്ന് കേട്ട്, കൊവേന്തയ്ക്ക് സ്ഥലം വാങ്ങാൻ അനുവാദത്തിന് പാലക്കലച്ചൻ യാക്കോബ് കണിയാന്തറയുമായി എറണാകുളത്തിനു പോയി. പിന്നീട് ആലങ്ങാട് മണ്ടപത്തുംവാതുക്കൽ ആയിരുന്നു രാജാവിനെ കാണാൻ, പാലക്കലച്ചൻ, പോരൂക്കരഅച്ചനോടു കൂടി പോയത്. അവിടെനിന്നു പോരുമ്പോൾ മാന്നാനത്തുകൂടി അതിരമ്പുഴയ്ക്ക് പോകുന്ന വഴിയിൽ ദൂരെ ബേസ് റൗമ്മായും (ഉയർന്ന കുന്ന്) അതിന് വടക്കുവശത്ത് കരിയാറ്റംകുന്നും കണ്ടു. അവസാനം ബേസ്റൗമ്മായെന്ന ഉയർന്നകുന്നുതന്നെ നല്ലതെന്നു തീരുമാനിച്ചു. അതു വാങ്ങുന്നതിനും മറ്റുമുള്ള അനുമതിക്കായി ശ്രമവും തുടങ്ങി.

## അതിരമ്പുഴയിൽ താമസം

സ്ഥലം വാങ്ങുന്നതിനും അപേക്ഷിക്കുന്നതിനുമൊക്കെയായി പാലക്കൽ തോമ്മാ മല്പാൻ അതിരമ്പുഴ പള്ളിയിൽ ഒരു മാസത്തോളം താമസിച്ചു. **(നാളാഗമം P. 18).** ചാവറയച്ചനെ പള്ളിപ്പുറം സെമിനാരിയുടെ ചുമതല ഏൽപ്പിച്ചിട്ടാണ് പാലക്കലച്ചൻ സ്ഥലം അന്വേഷണത്തിനായും മറ്റും പുറപ്പെട്ടത്.

ഇതിനിടയിൽ പള്ളിപ്പുറത്തും പരിസരങ്ങളിലും വസൂരിദീനം പടർന്നുപിടിക്കുന്നുണ്ടായിരുന്നു. സെമിനാരിയിൽ താമസിച്ചിരുന്ന ശമ്മാശ്ശന്മാർക്ക് ഭയമായി. ചുമതലയുള്ള ചാവറയച്ചനും ഭയമായി. ഈ വിവരങ്ങൾ അറിയിക്കാൻ ചാവറയച്ചൻ അതിരമ്പുഴയിലെത്തി. വിവരം മല്പാനച്ചനെ അറിയിച്ചു. ഉടനെ മല്പാനച്ചൻ ചാവറയച്ചനോടുകൂടി പള്ളിപ്പുറത്തിന് തിരിച്ചു.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## കുരിശുസ്ഥാപിക്കലും കുർബാനയും

എല്ലാ ചുമതലകളും പോരൂക്കര അച്ചനെ ഏൽപിച്ചിട്ടാണ് പാലക്കലച്ചൻ പള്ളിപ്പുറത്തിനുപോയത്. സർക്കാരിൽനിന്നും അനുവാദമെല്ലാം വാങ്ങിയശേഷം പോരൂക്കരയച്ചന്റെ നേതൃത്വത്തിൽ മാന്നാനംകുന്നിൽ (ബേസ്റൗമ്മായിൽ) കാടുവെട്ടിത്തെളിക്കയും കെട്ടിടം പണിക്കുള്ള ഒരുക്കങ്ങളും നടത്തിവന്നു.

ആയിടയ്ക്ക് അർത്തുങ്കൽ നിന്നും സ്തബലീനി മെത്രാൻ സുഖവാസത്തിനായി കുടമാളൂർ പള്ളിയിൽ വന്നു താമസിക്കുന്നുണ്ടായിരുന്നു. വൃത്തിയാക്കിയ മാന്നാനംകുന്നിൽ മെത്രാനച്ചന്റെ അനുമതിയോടെ ഒരു കുരിശു സ്ഥാപിക്കാനും പനമ്പുകൊണ്ട് മറച്ച് ഒരു മുറിയുണ്ടാക്കി അവിടെ കുർബാന ചൊല്ലാനുമൊക്കെയായിരുന്നു പദ്ധതി.

മെത്രാനച്ചന്റെ അനുമതിയോടെ മാന്നാനംകുന്നിൽ ഒരു കുരിശുസ്ഥാപിച്ചു. കുരിശിനടുത്ത് ഒരു പന്തലുണ്ടാക്കി അവിടെ കുർബാന ചൊല്ലാനായിരുന്നു പദ്ധതിയെങ്കിലും അതിനോട് മെത്രാനച്ചന് അഭിപ്രായമില്ലായിരുന്നു. എത്രയും വേഗത്തിൽ കല്ലുകെട്ടി ഒരു കപ്പേള ഉണ്ടാക്കാനാണ് മെത്രാനച്ചൻ നിർദ്ദേശിച്ചത്. അങ്ങനെ കപ്പേളയുടെ പണിയും ആശ്രമത്തിന്റെ കല്ലിടൽ കർമ്മവും നടത്താനുള്ള പണികൾ ആരംഭിച്ചു.

## കൊവേന്തയുടെ കല്ലിടൽ

കൊവേന്തയുടെ ശിലാസ്ഥാപനം മൗറേലിയൂസ് സ്തബലീനി മെത്രാനെക്കൊണ്ട് നടത്തിക്കാനായിരുന്നു തീരുമാനം. വിവരം മെത്രാനച്ചനെ അറിയിക്കുകയും 1831 മെയ് 11-ന് നടത്താമെന്ന് മെത്രാനച്ചൻ സമ്മതിക്കുകയും ചെയ്തു.

മെത്രാനച്ചനും മറ്റച്ചന്മാർക്കും വിശ്രമിക്കുന്നതിനായി പണി നടത്തിക്കൊണ്ടിരുന്ന കപ്പേളയുടെ അരികുചേർത്ത് തയ്യിൽ (പെരുമാലി) കുര്യൻ തരകന്റെ വക ഒരു കളപ്പുരയുടെ മേൽക്കൂര പൊളിച്ചുകൊണ്ടുവന്ന് നാലു തൂണുകളിന്മേൽ ഉറപ്പിച്ചു. കൂരയിൽ ഓല മേഞ്ഞു. ചുറ്റും തഴപ്പായകൊണ്ട് മറച്ചു. പനമ്പു



www.TheCMSIndia.org

കൊണ്ട് മുറിതിരിച്ചു. രണ്ടു മുറികളാക്കി. ഒന്ന് മെത്രാനച്ചനും മറ്റേത് അച്ചന്മാർക്കുമായി ഒരുക്കി.

മെത്രാനച്ചൻ തലേദിവസംതന്നെ മാന്നാനത്ത് എത്തി. പർണ്ണ ശാലയെന്നു പറയുന്ന ആ ഓലപ്പുരയിലെ മുറിയിൽ ആ രാത്രി മെത്രാനച്ചനും മറ്റേ മുറിയിൽ അച്ചന്മാരും വിശ്രമിച്ചു.

പിറ്റേദിവസമായിരുന്നു ശിലാസ്ഥാപനവും കുർബാനയു മൊക്കെ നടത്താൻ തീരുമാനിച്ചിരുന്നത്. പ്രഭാതമായപ്പോൾ മെത്രാനച്ചന് തീരെ സുഖമില്ലാതായി. കാലിലും കൈയിലും നീരുവന്നു വീർത്തു. ഒന്നും ചെയ്യാൻ പാടില്ലാതായി. ആയതി നാൽ കല്ലിടിൽ കർമ്മം മാറ്റിവയ്ക്കാമെന്ന് മെത്രാനച്ചനോടു പറഞ്ഞു. ഒരു കാരണവശാലും മാറ്റിവയ്ക്കണ്ടായെന്നും അത് പണികളെ തടസ്സപ്പെടുത്തുമെന്നും മെത്രാനച്ചൻ പറഞ്ഞു.

ആയതിനാൽ ഈ കർമ്മങ്ങൾ പ്രായംകൊണ്ടും പദവികൊണ്ടും മുൻപനായ പാലക്കൽ മല്പാനച്ചൻ നടത്തട്ടെയെന്ന് മെത്രാന ച്ചൻ നിർദ്ദേശിച്ചു. മെത്രാനച്ചൻ അവിടെ സന്നിഹിതനായിരു ന്നുകൊള്ളാമെന്നും പറഞ്ഞു.

പാലക്കലച്ചൻ വിനയംകൊണ്ടെന്നപോലെ കല്ലിടൽ കർമം പോരൂക്കരയച്ചൻ നടത്തട്ടെയെന്ന് നിർദ്ദേശിച്ചു. ആരുടെ നാമ ത്തിലായിരിക്കണം കൊവേന്ത എന്നതിനേപ്പറ്റി അപ്പോൾ അഭി പ്രായം ഉണ്ടായി. ഡൊമിനിങ്കോസ് പുണ്യവാന്റെ നാമത്തിലാ കട്ടെയെന്ന് പാലക്കലച്ചനും, വിശുദ്ധ യൗസേപ്പിന്റെ നാമത്തി ലാകട്ടെയെന്ന് പോരൂക്കരയച്ചനും പറഞ്ഞു.

അഭിപ്രായങ്ങളുടെ അവസാനം, വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ ആശ്രമത്തിന്റെ ശിലാസ്ഥാപനം നടത്താമെന്ന തീരു മാനത്തിൽ എത്തി.

അങ്ങനെ മാന്നാനം ആശ്രമത്തിന്റെ ശിലാസ്ഥാപനം, വിശുദ്ധ യൗസേപ്പിതാവിന്റെ നാമത്തിൽ പോരൂക്കര തോമ്മാച്ചൻ, സ്തബി ലിനി മെത്രാന്റെയും പാലക്കൽ തോമ്മാ മല്പാന്റെയും ചാവറ കുര്യാക്കോസ് അച്ചന്റെയും യാക്കോബിന്റെയും മറ്റു വൈദിക രുടെയും സാന്നിദ്ധ്യത്തിൽ നടത്തി. ഇപ്രകാരം കേരളക്കരയുടെ


www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

അഭിമാനമായി ആദ്യത്തെ സന്യാസഭവനത്തിന്റെ ശിലാസ്ഥാപനം നടന്നു. 1831 മെയ് 11-ാം തീയതി ഈ ദിവ്യകർമ്മം നടന്നു. അങ്ങനെ:

*മാന്നാനംകുന്നിലെ മണിവിളക്കായ്*
*മാനവർക്കെല്ലാം താരകമായ്*
*കേരളനാടിന്നഭിമാനമായ്*
*ആദ്യത്തെ ആശ്രമത്തിന് ശിലയുമിട്ടു.*

ആശ്രമത്തിന്റെ ശിലാസ്ഥാപനം കഴിഞ്ഞ് ഏറെ താമസിയാതെതന്നെ കപ്പേളപ്പണി പൂർത്തിയായി. 1831-ാമാണ്ട് പന്തക്കുസ്താദിനത്തിൽ കപ്പേളയിൽ പ്രഥമ ദിവ്യബലി നടത്തി. പിന്നെ നടന്നത് ആശ്രമ നിർമാണ പ്രവർത്തനങ്ങളായിരുന്നു.

## മൗറേലിയൂസ് സ്തബെലിനി യാത്രപറയുന്നു

ഈ ഘട്ടത്തിൽ സഭാപ്രസ്ഥാനത്തിന്റെ പ്രാരംഭ പ്രോൽസാഹകനും അഭ്യുദയകാംക്ഷിയുമായിരുന്ന മാർ മൗറേലിയൂസ് സ്തബെലിനി തിരുമേനി റോമിലേക്ക് തിരിച്ചുപോയി. ഇത് സഭാപിതാക്കന്മാർക്ക് വളരെ സങ്കടം വരുത്തിയ സംഭവമായിരുന്നു. പാലക്കലച്ചനും പോരൂക്കരയച്ചനും ചാവറയച്ചനും ശിഷ്യന്മാരായ വേറെ അച്ചന്മാരും അർത്തുങ്കൽ പള്ളിയിൽ ചെന്ന് യാത്ര പറഞ്ഞു. കടൽപ്പുറത്തോളം അനുഗമിച്ചു, പായ്ക്കപ്പലിൽ അദ്ദേഹം വിദേശത്തേക്ക് യാത്രയായി. എല്ലാവരും പള്ളിപ്പുറത്തേക്ക് തിരിച്ചുപോന്നു.

1832-ൽ ഫ്രാൻസീസ് സേവ്യർ മെത്രാൻ വരാപ്പുഴയിൽ ചാർജെടുത്തു. പാലക്കലച്ചനും പോരൂക്കരയച്ചനും വരാപ്പുഴയിൽപോയി മെത്രാനച്ചനെ കണ്ടു. ഒരു സെക്രട്ടറിയച്ചനെ വേണമെന്ന് മെത്രാൻ ആവശ്യപ്പെട്ടു. അതിൻപ്രകാരം മല്പാനച്ചന്റെ ശിഷ്യനായിരുന്ന മംഗലത്ത് ചാണ്ടി കത്തനാരെ ആ സ്ഥാനത്തേക്ക് നിർദ്ദേശിച്ചു. അവിടെ എത്തിക്കുകയും ചെയ്തു.

## തെറ്റിദ്ധാരണയും സ്ഥലംമാറ്റവും

മാന്നാനത്ത് ആരംഭിച്ച പുതിയ പ്രസ്ഥാനത്തെപ്പറ്റി ചില അപ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വാദങ്ങൾ ചിലർ പുതിയ മെത്രാന്റെ ചെവിയിലെത്തിച്ചു. അതെല്ലാം വിശ്വസിച്ചെന്നപോലെ മാന്നാനത്തിന്റെ എല്ലാ കാര്യങ്ങളും നടത്തിയിരുന്ന ചാവറയച്ചനേയും പോരൂക്കര അച്ചനേയും സ്ഥലം മാറ്റുകയാണുണ്ടായത്. ചാവറയെ പള്ളിപ്പുറം പള്ളി വികാരിയായും പോരൂക്കരയെ കായംകുളം, പള്ളിത്തോടു പള്ളികളുടെ വികാരിയായും നിയമിച്ചു. മാന്നാനത്ത് പണികൾ നടത്താൻ യാക്കോബ് മാത്രമായി.

അവർ പള്ളിപ്പുറത്തെത്തി പാലക്കലച്ചനോട് കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞത് "മേലധികാരികൾ പറയുന്നത് ദൈവതീരുമാനമായി എടുക്കണമെന്നും ഇത് നമ്മുടെ അനുസരണത്തേയും വിധേയത്വത്തേയും പരിശോധിക്കാൻ വേണ്ടിയുള്ള നടപടിയായിരിക്കാമെന്നും ഒരു നിവേദനവും കൊടുക്കേണ്ടായെന്നും പറഞ്ഞു. ഇതിൻപ്രകാരം അവർ രണ്ടുപേരും അവരെ ഏൽപ്പിച്ച ചുമതലകൾ ഏറ്റെടുത്തു.

## കാർമേഘങ്ങൾ നീങ്ങുന്നു

ഒരു കൊല്ലം അങ്ങനെ കടന്നുപോയി. കാർമേഘങ്ങൾ നീങ്ങി. മാന്നാനത്തെ പണിയെപ്പറ്റി ഉണ്ടായിരുന്ന പരാതികളെല്ലാം സത്യമല്ലെന്നും അച്ചന്മാർ വിധേയത്വമുള്ളവരും അവരുടെ ലക്ഷ്യശുദ്ധിയും മെത്രാനച്ചന് ബോധ്യമായി. അവരെ രണ്ടുപേരെയും വികാരി ജോലിയിൽ നിന്നും ഒഴിവാക്കി മാന്നാനത്തെ പണികൾ തുടർന്നു കൊള്ളാൻ അനുവദിക്കുകയും ചെയ്തു.

ആശ്രമത്തിനുള്ള പണികൾ വേഗം പുരോഗമിച്ചു. 1834-ൽ ആശ്രമദേവാലയത്തിന്റെ പണിയും ആരംഭിച്ചു. പോരൂക്കര അച്ചനേയും ചാവറയച്ചനേയും കണിയാന്തറ യാക്കോബിനേയും കൂടാതെ തോപ്പിൽ ഗീവർഗീസച്ചനും കല്ലൂത്തറ ഗീവർഗീസച്ചനും സന്യാസാർത്ഥികളായ മറ്റു ചിലരും മാന്നാനംകുന്നിൽ താമസിക്കാൻ തുടങ്ങി.

ഇങ്ങനെ മാന്നാനത്ത് തുടങ്ങിയ ഈ സന്യാസപ്രസ്ഥാനത്തിന് വ്രതവാഗ്ദാന പരിപാടിയോ തിരുസഭയുടെ ഔദ്യോഗിക


www.TheCMSIndia.org

അംഗീകാരമോ ഉള്ള നിയമാവലിയും ഇല്ലായിരുന്നു. അതിനാൽ പാലക്കലച്ചൻ പള്ളിപ്പുറത്തു നടപ്പാക്കിയ ഭക്തജീവിതമുറ തന്നെ ഇവിടെയും നടപ്പാക്കി.

## സെമിനാരി മാന്നാനത്ത് ആരംഭിക്കുന്നു

സന്യാസപ്രസ്ഥാനം ഏതാണ്ട് രൂപീകൃതമായപ്പോൾ, പാലക്കൽ തോമ്മാ മല്പാൻ മനസിൽ കണ്ടിരുന്ന ഒരു പ്രസ്ഥാനം-ആശ്രമത്തോടനുബന്ധിച്ച് വൈദിക വിദ്യാർത്ഥികൾക്ക് പരിശീലനം കൊടുക്കാനായി ഒരു സെമിനാരി. സഭയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുസെമിനാരി ഉണ്ടാകണമെന്നാണ് പാലക്കലച്ചന് മനസ്സിൽ ഉണ്ടായിരുന്ന ആഗ്രഹം. നല്ല വൈദികരുടെ അഭാവം കത്തോലിക്കാ സഭയെ ക്ഷീണപ്പെടുത്തും എന്നതായിരുന്നു മല്പാനച്ചന്റെ അഭിപ്രായം.

ഇപ്രകാരം 1833-ൽ മാന്നാനത്ത് ഒരു സെമിനാരി ആരംഭിച്ചു. രണ്ടു വിദ്യാർത്ഥികളോടെ ആരംഭിച്ച ആ സെമിനാരി പൂർണ വളർച്ചയെത്തിയകാലത്ത് 150 പേരോളം വൈദിക വിദ്യാർത്ഥികൾ ഉണ്ടായി. അവിടെ പരിശീലനം ലഭിച്ചവരിൽനിന്നും പ്രഗൽഭരും പ്രശസ്തരുമായ വൈദികരും വൈദിക മേലദ്ധ്യക്ഷന്മാരെയും കേരളസഭയ്ക്ക് സംഭാവന ചെയ്യാൻ സാധിച്ചിട്ടുണ്ട്.

## വിടവാങ്ങൽ

മാന്നാനത്താരംഭിച്ച സന്യാസത്തിന്റെയും സെമിനാരിയുടെയും ആരംഭഘട്ടത്തിൽ സഭയുടെ ശ്രേഷ്ഠനും സെമിനാരിയുടെ പ്രഥമ മല്പാനും പാലക്കൽ തോമ്മാച്ചനായിരുന്നു. അച്ചന്റെ ആരോഗ്യം ക്ഷയോന്മുഖമായെങ്കിലും, അദ്ദേഹം ഇടയ്ക്കിടയ്ക്ക് പള്ളിപ്പുറത്തുനിന്നും മാന്നാനത്തുവന്ന് താമസിച്ചു ആവശ്യമുള്ള നിർദ്ദേശങ്ങളും നേതൃത്വവും നൽകിയിരുന്നു.

ക്രമേണ, അർശസ് രോഗവും പ്രമേഹവും വാതവും വർദ്ധിച്ചുവന്നു. മാന്നാനത്തെ തണുപ്പുകാറ്റ് അദ്ദേഹത്തിന് ശാരീരിക അസ്വസ്ഥത ഉണ്ടാക്കി. ഈ സാഹചര്യത്തിൽ അദ്ദേഹം പള്ളി



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

പ്പുറത്തുതന്നെ താമസിച്ചുകൊണ്ട് കാര്യങ്ങളുടെ മേൽ വിചാരം മാത്രം നോക്കുവാൻ നിർബന്ധിതനായി. പള്ളിപ്പുറം സെമിനാരി മാന്നാനത്തിന്റെ ഒരു ശാഖയാണെന്നോണം കുറേക്കാലം കൂടി തുടർന്നുകൊണ്ടിരുന്നു. അങ്ങനെ പാലക്കലച്ചൻ പള്ളിപ്പുറത്തു തന്നെ താമസിച്ചു.

## പാലക്കലച്ചൻ നിത്യതയിലേക്ക്

പാലക്കലച്ചന്റ രോഗം വർദ്ധിച്ചുവന്നു. അത് മൂർധന്യാവസ്ഥ യിൽ എത്തി. ചാവറയച്ചൻ മാന്നാനത്തും പള്ളിപ്പുറത്തുമായി താമസിച്ചുകൊണ്ട് ഗുരുവിന് ശുശ്രൂഷ നടത്തിവന്നു.

രോഗവിവരങ്ങളിഞ്ഞ് കേരളത്തിന്റെ വിവിധ ഭാഗങ്ങ ളിൽനിന്നും ശിഷ്യന്മാരും സുഹൃത്തുക്കളും വൈദികരും അൽമായ പ്രമുഖരും പള്ളിപ്പുറത്തുവന്നു ആശ്വസിപ്പിച്ചുകൊ ണ്ടിരുന്നു.

മല്പാനച്ചൻ സുബോധത്തോടെ തന്റെ മരണപത്രിക തയ്യാ റാക്കിവച്ചു. അതിൻപ്രകാരം പള്ളിപ്പുറം പള്ളിയിൽ തന്റെ മര ണശേഷം 60 ഒറ്റക്കുർബാന ചൊല്ലാനുള്ള പണം ഏൽപ്പിച്ചു.

തനിക്ക് വയ് 60 കഴിഞ്ഞിരിക്കുന്നുവെന്നും പലവിധ രോഗ ങ്ങൾ തന്നെ പിടികൂടിയിരിക്കുന്നുവെന്നും ഇതിൽനിന്നും മോചനം അസാധ്യമാണെന്നും പാലക്കലച്ചന് അറിയാമായിരു ന്നു.

പലവിധ രോഗങ്ങളാൽ ബാധിതനായിരുന്നെങ്കിലും അതൊന്നും പുറത്തുകാണിക്കാതെ കൊണ്ടു നടന്നിരുന്നു. അത്, ആരോഗ്യത്തെ കാർന്നുതിന്നുകൊണ്ടിരുന്നു. അരുമ ശിഷ്യനായ ചാവറയച്ചനും സുഹൃത്തും സഹപ്രവർത്തകനുമായ പോരൂർക്കര അച്ചനും മറ്റു പരിചയക്കാരും സന്ദർശിക്കുകയും ആശീർവാദം വാങ്ങുകയും ചെയ്തിരുന്നു.

മാതാവിന്റെ ദർശനസമൂഹം പല പള്ളികളിലും സ്ഥാപിക്കു കയും അതു പ്രചരിപ്പിക്കുകയും ചെയ്ത ഈ മരിയഭക്തന്, തന്റെ പ്രിയപ്പെട്ട ശനിയാഴ്ച ദിവസം മരിക്കണമെന്ന ആഗ്രഹം പരി.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മാതാവ് സാധിതമാക്കി.

തന്റെ അരുമശിഷ്യൻ കദനഭാരം താങ്ങാനാവാതെ കിടക്കയ്ക്കരുകിൽ നിർന്നിമേഷനായി നിൽപ്പുണ്ടായിരുന്നു. ചാവറയച്ചനോട്, തന്റെ അന്ത്യകുമ്പസാരം കേൾക്കുവാനും വിശുദ്ധ കുർബാന നൽകുവാനും ആവശ്യപ്പെട്ടു. പോരൂക്കരയച്ചനാണ് അന്ത്യകൂദാശ കൊടുത്തത്. പ്രാർത്ഥനകളെല്ലാം പാലക്കൽ മല്പാനച്ചൻ വ്യക്തമായി ചൊല്ലി.

ഇങ്ങനയിരിക്കെ എല്ലാവരും നോക്കിനിൽക്കേ, പെട്ടെന്ന് കുറേനേരത്തേക്ക് ഭാവം പകർന്നു. എത്ര മണിയായെന്നു ചോദിച്ചു. 12 മണിയായെന്നു പറഞ്ഞു. "ഞാൻ അനുഭവിക്കുന്ന സങ്കടങ്ങൾ പ്രായശ്ചിത്തമായി സ്വീകരിച്ചുകൊണ്ട്, എന്റെ ദോഷങ്ങൾ പൊക്കിത്തരണമെന്നപേക്ഷിച്ചു." പിന്നെ കട്ടിലിൽ ചാഞ്ഞിരുന്നു. കൈയെടുത്തു കുരിശുവരച്ചു. കുരിശിലെ അഞ്ചു തിരുമുറിവുകൾ മുത്തി. ദൈവമാതാവിന്റെ രൂപവും മുത്തി. മാർ യൗസേപ്പിതാവിന്റെ ചെറിയ പസ്കി രൂപവും മുത്തിയശേഷം തലചായിച്ചുകിടന്നു. ഇങ്ങനെ കിടക്കെ ആ പുണ്യപിതാവിന്റെ പാവനാത്മാവ് ദൈവപിതാവിന്റെ പക്കലേക്ക് പറന്നുപോയി. 1841 ജനുവരി 16-ാം ദിനം പൊട്ടിവിടരുകയായിരുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## മരണവാർത്ത നാടാകെ പരന്നു

മല്പാനച്ചന്റെ മരണവാർത്ത കാട്ടുതീപോലെ നാടുമുഴുവൻ പരന്നു. നേരം വെളുക്കുന്നതിന് മുൻപുതന്നെ പള്ളിപ്പുറം പള്ളിയും പരിസരവും ജനങ്ങളെക്കൊണ്ടു നിറഞ്ഞു. ഇടവകകളിൽ നിന്നും കുരിശും കുടകളുമായി എത്തിക്കഴിഞ്ഞു.

മൃതസംസ്കാരത്തിന് നേതൃത്വം കൊടുത്തത് പോരൂക്കര തോമ്മാച്ചനായിരുന്നു. തന്റെ ആത്മഗുരുവും നായകനുമെല്ലാമായിരുന്ന പാലക്കൽ മല്പാനച്ചന്റെ മരണം താങ്ങാനാവാത്ത വ്യഥയും മനഃപ്രയാസവും വരുത്തി. എങ്കിലും അതെല്ലാം ഉള്ളിൽ ഒതുക്കി മൃതസംസ്കാര കർമ്മങ്ങൾ ഭംഗിയായി നടത്തുവാൻ എല്ലായിടത്തും ഓടിനടന്നു നേതൃത്വം നൽകുന്നു



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ണ്ടായിരുന്നു.

വരാപ്പുഴയിൽ നിന്നും മെത്രാനച്ചനും മൂപ്പച്ചന്മാരും എല്ലാവരും വന്നിരുന്നു. അരമനയ്ക്കുവേണ്ടി; **"മണപ്പുറം തോപ്പിലെ തെങ്ങിൻതോട്ടം"** മുതൽ അവിടുത്തെ ഓരോ ചെറിയ ഫയലിന്റെ ക്രമീകരണംവരെ കൈവച്ചിട്ടുള്ള ദിവംഗതനായ പാലക്കൽ മല്പാനച്ചനോട് അവർക്ക് അതിയായ ബഹുമാനം ഉണ്ടായിരുന്നു.

സുറിയാനി സഭ അന്നുവരെ കണ്ടിട്ടില്ലാത്തത്ര ആൾക്കൂട്ടത്തോടും ആഘോഷത്തോടും കൂടിയാണ് മൃതസംസ്കാര ശുശ്രൂഷകൾ വരാപ്പുഴ മെത്രാനച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയത്. പോരൂക്കര അച്ചനായിരുന്നു ചരമപ്രസംഗം നടത്തിയത്. പരേതൻ സുറിയാനി സഭയ്ക്ക് നൽകിയ വിശിഷ്ട സംഭാവനകളേയും പ്രത്യേകിച്ച് ഒരു സന്യാസസമൂഹത്തെ അതിന്റെ ബാലാരിഷ്ടതകളിൽ ധീരമായ നേതൃത്വം കൊടുത്ത് സംരക്ഷിച്ചതിനേയും ആ സഭയുടെ സ്ഥാപനത്തിനുള്ള ഉത്തേജനവും പ്രചോദനവുമെല്ലാം നൽകിയതിനെക്കുറിച്ചും പ്രസംഗത്തിൽ വിവരിച്ചുപറഞ്ഞു.

വിലാപയാത്രയ്ക്ക് അനേകം പള്ളികളിൽ നിന്നും, കുരിശുപള്ളികളിൽ നിന്നും ധാരാളം ആളുകൾ പങ്കെടുത്തിരുന്നു. പള്ളിപ്പുറം, മുട്ടം, വെച്ചൂർ, തത്തമ്പള്ളി, ആലപ്പുഴ (മാർസ്ലീവാ), ചേന്നങ്കരി, ചമ്പക്കുളം, എടത്വ, പിന്നെ ഇതിന്റെ കീഴിലുള്ള കുരിശുപള്ളികളും തൈക്കാട്ടുശ്ശേരി, ചെമ്പ്, പറവൂർ, കടുത്തുരുത്തി, മുട്ടുചിറ, കുടമാളൂർ മുതലായ പള്ളികളും മറ്റു ചെറുപള്ളികളിൽ നിന്നും ജനങ്ങൾ വന്നിരുന്നു.

## കബറിടം

പള്ളിപ്പുറം പള്ളിയുടെ മദുബഹായുടെ ഇടുത്തുവശത്ത് (തെക്കുവശം) പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ ആ പുണ്യപാദന്റെ പൂജ്യശരീരം അടക്കം ചെയ്തു. കേരള സുറിയാനി സഭയിലെ മിക്കവാറും വൈദികരും ഇതിൽ സാക്ഷികളായിരുന്നു.

41 ദിവസം (തുടർച്ചയായി) പരേതനുവേണ്ടി റാസ ചൊല്ലി.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തുടർന്ന് തിങ്കളാഴ്ച തോറും ഓരോ റാസയും ഒരു വർഷത്തേക്ക് നിത്യകുർബാനയും ചൊല്ലുവാൻ ശിഷ്യഗണങ്ങൾ ക്രമീകരണം നടത്തിയിരുന്നു. മാസത്തിന്റെ 28-ാം തീയതി തോറും റാസ ചൊല്ലിവന്നു. രണ്ടു റാസയും 13 കുർബാനയും ഇതിനു പുറമേയും ഓരോരുത്തരും ഏറ്റു. ഇവയെല്ലാം പാലക്കലച്ചന്റെ നേതൃത്വത്തേയും അദ്ദേഹത്തോടുള്ള സ്നേഹത്തേയും അംഗീകരിക്കുന്ന സാക്ഷ്യങ്ങളായിരുന്നു.

## 41-ാം ദിനാചരണം

41-ാം ദിനത്തിൽ ശിഷ്യന്മാരെല്ലാം ഒരുമിച്ചുകൂടി. ഓരോരുത്തരം 130 ചക്രം വീതവും ശമ്മാശ്ശന്മാർ 60 ചക്രം വീതവും പിരിവെടുത്ത് ഭംഗിയായി 41 ആചരിച്ചു. അനേകം ആളുകൾക്ക് സദ്യയും കൊടുത്തു. എല്ലാ ചിലവും കഴിഞ്ഞ് 3000 ചക്രം മിച്ചമുണ്ടായിരുന്നു. ഈ തുക നിത്യകുർബാനയ്ക്കായി കൊവേന്തയിൽ ഏൽപ്പിച്ചു.

## 5 മെത്രാന്മാരുടെ കുർബാനയും മാർബിൾ ശിലയും

"ഒരു പ്രവാചകനേയും സ്വന്തംനാട്ടിൽ ബഹുമാനിക്കയില്ല" എന്ന യേശുവിന്റെ വാക്കുകൾ പള്ളിപ്പുറത്തും നടന്നു. പുതിയ പള്ളി പണിത് മദുബഹാ മുഴുവൻ മനോഹരമാക്കിയപ്പോഴും, പള്ളിപ്പുറത്തിന്റെ പേര് ലോകം മുഴുവൻ ഉയർത്തി കേൾപ്പിച്ച പാലക്കൽ മല്പാനെ അടക്കം ചെയ്ത കല്ലറക്ക് മുകളിൽ ഒരു മാർബിൾ ശില സ്ഥാപിച്ചാദരിക്കാൻ പള്ളിപ്പുറംകാർ തയ്യാറാകാതിരുന്നത് ഒരു കുറവായിപ്പോയിയെന്ന് പലരും പറയുകയുണ്ടായി.

ഇതു മനസിലാക്കിയ സിഎംഐ സഭ, ഈ വൈദികന്റെ - പാലക്കൽ മല്പാനച്ചന്റെ പൂജ്യാവശിഷ്ടങ്ങൾക്ക് തക്ക ബഹുമാനം കൊടുക്കാൻ സിഎംഐ സഭയുടെ അധികാരികൾ തീരുമാനിച്ചു.

അദ്ദേഹത്തിന്റെ ഭൗതിക അവശിഷ്ടങ്ങൾ മാന്നാനം ദേവാ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ലയത്തിലേക്ക് മാറ്റി സ്ഥാപിക്കാനായി അനുവാദം ചോദിക്കാനായി കർദ്ദിനാൾ തിരുമേനിയെ സിഎംഐ പ്രിയോർ ജനറാൾ സമീപിച്ചു. ക്രാന്തദർശിയായ തിരുമേനി വളരെ അനുനയത്തിൽ അനുവദിച്ചില്ലെന്നു മാത്രമല്ല, പാലക്കലച്ചന്റെ സെമിനാരിക്കു തന്നെ, വലിയ സ്മാരകങ്ങൾ നിർമ്മിക്കാതിരിക്കെ, മല്പാനച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ അവിടെനിന്നും മാറ്റുന്നതുതന്നെ തെറ്റായിരിക്കുമെന്ന് ബോധ്യപ്പെടുത്തുകയും ചെയ്തു.

## സിഎംഐ സഭയുടെ 150-ാം വർഷാചരണവും കബറിടത്തിൽ സ്ലാബ് ഇടലും

സിഎംഐ സഭയുടെ 150-ാം വാർഷിക ആചരണം പ്രമാണിച്ച് കുഴിമാടത്തിൽ മാർബിൾ ശിലസ്ഥാപിക്കാൻ, സിഎംഐ സഭയെ കർദിനാൾ അനുവദിച്ചു. അത് ആഘോഷമായിത്തന്നെ നടത്തുവാനും നിശ്ചയിച്ചു. സിഎംഐ സഭയുടെ 5 മെത്രാന്മാർ അതിൽ പങ്കെടുത്തു. 1981 ജനുവരി 16-ൽ ആയിരുന്നു ആ സംഭവം നടന്നത്. അന്ന് പള്ളിപ്പുറത്ത് വികാരിയായിരുന്നത് പെരിയ ബഹുമാനപ്പെട്ട തോമസ് പുതുശ്ശേരി അച്ചനായിരുന്നു.

**പാലക്കൽ മല്പാനച്ചൻ ഉയർത്തപ്പെടണം.** ഇതിനായി പരിശ്രമിക്കേണ്ടത് കേരള സുറിയാനി സഭയും സിഎംഐ സഭയുമാണ്. സിഎംഐ സഭയേക്കാൾ കൂടുതൽ ഉത്തരവാദിത്വം, തോമസ് പാലക്കൽ മല്പാനച്ചൻ മല്പാനായിരുന്ന പള്ളിപ്പുറം പള്ളിക്കും ഇടവക ജനത്തിനുമാണ്.

വ്യക്തികളിലൂടെയാണ് ചരിത്രമുണ്ടാവുന്നതും ഒരു പ്രദേശം പ്രശസ്തിയിലേക്ക് ഉയരുന്നതും. പാലക്കൽ മല്പാനച്ചന്റെ പേരിൽ പള്ളിപ്പുറം മാത്രമല്ല, സിഎംഐ സഭയും സുറിയാനി സഭയും അഭിമാനിക്കുന്ന ഒരു പൊൻപുലരിക്കുവേണ്ടി നമുക്ക് കാത്തിരിക്കാം.

ഇതിനായി പള്ളിപ്പുറം ഇടവകജനവും എറണാകുളം രൂപതാധികാരികളും മനസുവച്ച് മുൻപോട്ടുവരട്ടെ. ഇതിനുള്ള പ്രോത്സാഹനം സിഎംഐ സഭയും ചെയ്യാൻ തയ്യാറാകട്ടയെന്നു ഈ ലേഖകൻ ആഗ്രഹിക്കുന്നു.



www.TheCMSIndia.org

## ഉപസംഹാരം

വൈദികശിക്ഷണം മുഖ്യജീവിതലക്ഷ്യമായി സ്വീകരിക്കുകയും ആ ലക്ഷ്യത്തിനുവേണ്ടി ജീവിതം മുഴുവൻ അർപ്പിക്കുകയും വൈദിക ശിഷ്യഗണത്തെ ഇത്രയധികം സ്നേഹിക്കുകയും വൈദികശിഷ്യരാൽ ജീവിതത്തിലും ജീവിതശേഷവും ഇത്രയധികം ആദരിക്കപ്പെടുകയും ചെയ്തിട്ടുള്ള, വൈദിക ആചാര്യൻ, പാലക്കൽ തോമ്മാ മല്പാനെപ്പോലെ കേരളത്തിൽ മറ്റാരും ഉണ്ടെന്നു തോന്നുന്നില്ല. ഇതിന്റെയെല്ലാം അംഗീകാരവും പ്രകടനവുമായിരുന്നു അദ്ദേഹം രോഗിയായിരുന്നപ്പോൾ അദ്ദേഹത്തെ സന്ദർശിക്കാനും ആശ്വസിപ്പിക്കാനും അദ്ദേഹത്തിന്റെ മൃതസംസ്കാരത്തിൽ പങ്കെടുക്കാനുംവേണ്ടി വിവിധ തലങ്ങളിൽ പ്രവർത്തിച്ചിരുന്നവരും വിവിധ ഇടവകകളിൽ നിന്നുള്ള വികാരിമാരും വൈദികരും ജനങ്ങളും ശിഷ്യഗണവും വന്ന് സാക്ഷ്യം വഹിച്ചത്.

പ്രാർത്ഥനാ ജീവിതവും താപസജീവിതവും ഏറെ ആഗ്രഹിച്ച വ്യക്തിയായിരുന്നു പാലക്കൽ തോമ്മാ മല്പാൻ. "ലോകത്തിൽ ജീവിച്ചാൽ ആത്മരക്ഷ പ്രാപിക്കാൻ പ്രയാസമാണ്," അതിനാൽ വല്ലയിടത്തും പോയി വനവാസം നടത്തിയും തപസുചെയ്തും ജീവിക്കണമെന്നാഗ്രഹിച്ചവനുമായിരുന്നു അദ്ദേഹം.

ഈ ആഗ്രഹം പങ്കുവച്ചത് തന്റെ സഹപ്രവർത്തകനും സ്നേഹിതനുമായിരുന്ന പോരൂക്കര തോമ്മാച്ചനോടും അദ്ദേഹത്തിന്റെ സ്നേഹിതനായ യാക്കോബിനോടും തന്റെ ശിഷ്യനായ ചാവറ കുര്യാക്കോസിനോടും ശിഷ്യന്മാരോടുമായിരുന്നു. അവ



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സാനം ഇതിന്റെയെല്ലാം മകുടം ചാർത്തുവാനെന്നവണ്ണമായിരുന്നു വരാപ്പുഴ മെത്രാനെ കാണാൻ പോയതും അനുവാദത്തിനായി അപേക്ഷിച്ചതും.

എല്ലാം ശ്രവിച്ച മെത്രാനച്ചൻ പറഞ്ഞത് അവരുടെ മനസ്സിനെ മറ്റൊരു ദിശയിലേക്കാണ് തിരിച്ചത്. അധികാരി പറഞ്ഞത്: "നിങ്ങൾ ഇങ്ങനെ രണ്ടുമൂന്നു വിവരമുള്ളവർ, നേതൃത്വം കൊടുക്കാനും ജനത്തെ പഠിപ്പിക്കാനും കഴിവുള്ളവർ ഇങ്ങനെ ജനങ്ങളിൽനിന്ന് ഓടി വനവാസത്തിന് പോയാലോ? അവർക്ക് നേതൃത്വവും ആദ്ധ്യാത്മികതയും അറിവും കൊടുക്കാൻ ഉതകത്തക്കവിധം ഒരു കൊവേന്ത സ്ഥാപിപ്പിൻ. അതിന് നിങ്ങൾക്ക് മനസുണ്ടെങ്കിൽ ഇറങ്ങിപ്പുറപ്പെടാൻ കഴിയും." ഇതിനായിട്ട് സ്ഥലം അന്വേഷിക്കാനും വാങ്ങാനും തുടങ്ങാനും ഇതാ 200 രൂപ ഞാൻ തരുന്നു.

"ഇവിടെ ധാരാളം ക്രിസ്ത്യാനികളുണ്ടല്ലോ. നിങ്ങൾ ഒരു ധർമ്മക്കടലാസ് എഴുതിക്കൊണ്ടുവരിക. ഞാൻ അതിൽ ഒപ്പിട്ടു തരാം. നിങ്ങൾ അതുമായി പള്ളികളിൽ പോയി ചോദിക്കുക. അവർ തീർച്ചയായും സഹായിക്കും. കാര്യങ്ങൾ നടക്കുകയും ചെയ്യും."

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മെത്രാനച്ചന്റെ ഈ വാക്കുകൾ, ദൈവഹിതമായി സ്വീകരിച്ച് പാലക്കൽ മല്പാനും കൂട്ടരും ഇറങ്ങിപ്പുറപ്പെട്ടു. മെത്രാനച്ചൻ ഒപ്പിട്ടുകൊടുത്ത ധർമ്മക്കടലാസുമായിട്ടാണ് അവർ പുറപ്പെട്ടത്.

ഇറങ്ങിപ്പുറപ്പെട്ടവരിൽ ഒന്നാമനായിരുന്നു പള്ളിപ്പുറംകാരനായ പാലക്കൽ തോമ്മാച്ചൻ കത്തനാർ, കൂടെ പോയത് ചമ്പക്കുളംകാരൻ പോരൂക്കര തോമ്മാ കത്തനാരും, പിന്നെ ചാവറ കുര്യാക്കോസും പോരൂക്കരയച്ചന്റെ സ്നേഹിതനായ യാക്കോബ് കണിയാന്തറയെന്ന ചമ്പക്കുളംകാരനുമായിരുന്നു. ഇവരുടെ പ്രയത്നത്തിന്റെ ഫലമായിരുന്നു 1831 മെയ് 11-ന് മാന്നാനംകുന്നിൽ ആദ്യ സന്യാസ ആശ്രമത്തിനായി തുടക്കം കുറിച്ചത്.

സിഎംഐ സഭയുടെ ആദ്യ സാരഥികളായ പാലക്കൽ തോമ്മാ മല്പാൻ തന്റെ 61-ാം വയസിൽ 1841 ജനുവരി 16-ാം



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

തീയതി മരണം പ്രാപിച്ചു. പോരൂക്കരയച്ചൻ തന്റെ 46-ാം വയസിൽ 1846 ജനുവരി 8-ാം തീയതി മരിച്ചു.

സന്യാസജീവിതം ഏറെ ആഗ്രഹിച്ചവരായിരുന്നു പാലക്കൽ തോമ്മാ മല്പാനും പോരൂക്കര തോമ്മാ മല്പാനും. സന്യാസവ്രതം ചെയ്തു സിഎംഐ സഭയിലെ അംഗങ്ങളാകാൻ കഴിഞ്ഞില്ല. അതിനുമുമ്പ് അവർ ഇഹലോകവാസം വെടിഞ്ഞിരുന്നു.

സന്യാസവ്രതാനുഷ്ഠാനം നടത്താതെ തന്നെ പുണ്യപ്പെട്ട ജീവിതാനുഷ്ഠാനങ്ങൾ നടത്തി ജീവിച്ച് വിശുദ്ധിയിലേക്ക് എത്തിച്ചേരാൻ ഇവർക്ക് സാധിച്ചു. ഇവർ വ്രതം ചെയ്യാതെതന്നെ സന്യാസജീവിതം നയിച്ചവരായിരുന്നു. ഇവരുടെ മാതൃകയും ഉപദേശവും സ്വീകരിച്ചു ജീവിച്ചു വിശുദ്ധനായവനാണ് ചാവറ കുര്യാക്കോസച്ചൻ.

കേരളസഭയ്ക്ക് ആത്മീയവും സാമൂഹ്യവും സാംസ്കാരികവും വിദ്യഭ്യാസപരവുമായ പ്രവർത്തനങ്ങളിലൂടെയും ആത്മീയപ്രസംഗങ്ങളും ധ്യാനപ്രസംഗങ്ങളും വഴിയും വളർച്ച കൊടുത്തുകൊണ്ടിരുന്ന ഈ പിതാക്കന്മാർക്ക് ആദരവുകൾ അർപ്പിക്കുന്നു. അവരെല്ലാം വിശുദ്ധരായി വിളിക്കപ്പെടട്ടെ എന്നാശംസിക്കുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA



www.TheCMSIndia.org




പള്ളിപ്പുറം പള്ളിയുടെ മേടയിൽ സുരക്ഷിതമായി സൂക്ഷിച്ചിരിക്കുന്ന പൗരാണിക കാൽഡിയൻ കുരിശ്. ഇത് മാട്ടേൽ തുരുത്തിൽ കണ്ടെടുത്തതും, കോക്കമംഗ ലത്തെ പ്രാരംഭ ക്രൈസ്തവ സമൂഹം വണങ്ങിയിരുന്ന തുമാണ് എന്നാണ് ചരിത്ര വിശ്വാസം.



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*പള്ളിപ്പുറം പള്ളിയിലെ മദബഹയുടെ വലതുഭാഗത്ത് അടക്കം ചെയ്തിരിക്കുന്ന പാലയ്ക്കൽ തോമ്മാ മല്പാന്റെ കല്ലറയ്ക്ക് മുകളിൽ പിൽക്കാലത്ത് സ്ഥാപിച്ചിരിക്കുന്ന ശിലാലിഖിതം*



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



പള്ളിപ്പുറം പള്ളിയുടെ വലിയ അൾത്താരയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവജനനിയുടെ എണ്ണഛായാ ചിത്രം. ഇത് സുവിശേഷകനും ചിത്രകാരനുമായ വി. ലൂക്കാ വരച്ചതാണെന്നാണ് പാരമ്പര്യ വിശ്വാസം.



www.TheCMSIndia.org

## ഈ പുസ്തകരചനയ്ക്കായി ഉപയോഗപ്പെടുത്തിയ ഗ്രന്ഥങ്ങൾ


1. പാലക്കൽ തോമ്മാ മല്പാൻ (1780-1841)

   By വർഗീസ് കാഞ്ഞിരത്തുങ്കൽ

2. പുണ്യചരിതനായ പാലക്കൽ മല്പാൻ

   By ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ (വിശുദ്ധൻ)

3. പുണ്യചരിതനായ പാലക്കൽ മല്പാൻ

   By ഫാദർ റൊമയോ പട്ടശ്ശേരി സിഎംഐ

4. പുണ്യചരിതനായ പാലക്കൽ തോമ്മാ മല്പാൻ

   By ഷാജി മാലിപ്പാറ

5. മൂന്നാം സഹസ്രാബ്ദത്തിലെ ക്രൈസ്തവസഭാ ചരിത്രവും കേരളസഭാ ചരിത്രത്തിലെ അവിസ്മരണീയ നായകൻ പാലക്കൽ തോമ്മാ മല്പാൻ

   By ഡോക്ടർ തോമസ് പാലക്കൽ

6. ഗൂഗിൾ പാലക്കൽ മല്പാനച്ചനെപ്പറ്റി പറഞ്ഞിരിക്കുന്ന ഭാഗമാണ്

7. എറണാകുളം അതിരൂപത - ചരിത്രാവലോകനം 1978-ൽ നവംബർ 30ന് പ്രസിദ്ധീകരിച്ചത്.

   By Archdiocesan Curia, Ernakulam

8. സിഎംഐ സഭയുടെ സ്ഥാപക പിതാക്കൾ

   1995-ൽ ഫാ. സെബാസ്റ്റ്യൻ പാലാത്തറ സിഎംഐ പുനഃപ്രകാശനം ചെയ്തത്.

   (Edited 1905, 1989, 1995)




www.TheCMSIndia.org



# പള്ളിപ്പുറത്തച്ചൻ

(ആചാര്യ പാലയ്ക്കൽ തോമ്മാ മല്പാൻ 1780 – 1841)


ഫാ. വിൻസെന്റ്, CMI ചേർത്തല

പണിക്കാപറമ്പിൽ Mob: 9544719479


**കഥാകൃത്തിന്റെ കഥാപ്രസംഗങ്ങൾ**

1. നെറ്റൂണോയിലെ രക്തസാക്ഷി (വി. മരിയം ഗൊരേറ്റി)
2. വെള്ളിത്താലം (സ്നാപകയോഹന്നാൻ)
3. അസ്സീസിയിലെ സ്നേഹഗായകൻ (ഫ്രാൻസിസ് അസ്സീസി)
4. തകർന്നുപോയ ഒരു ദാമ്പത്യം
5. നായിമിലെ വിധവ
6. അത്തിമരം
7. ബഥാനിയായിലെ പാപിനി
8. രക്ഷകനെ കണ്ട ആർത്തബാൻ
9. കാറ്റാടിമലയിലെ രക്തസാക്ഷി (ദേവസഹായം പിള്ള)
10. മുടിയനായ പുത്രൻ (ധൂർത്തപുത്രൻ)
11. സാവൂൾ
12. മുന്തിരിത്തോപ്പ് (നാബോത്ത്)
13. ഒരു ബലിയുടെ കഥ (വിശ്വാസികളുടെ പിതാവ് അബ്രഹാം)
14. കേരളസദാതാരം (വി. കുര്യാക്കോസ് ഏലിയാസ്, ചാവറ)
15. വെള്ളിനക്ഷത്രം (വി. അൽഫോൻസാമ്മ)
16. ഒല്ലൂരിന്റെ ദിവ്യസൂനം (വി. എവുപ്രാസ്യാമ്മ)
17. വിളക്കുമരം (ഫാ. കൊച്ചുപറമ്പിൽ, സി.പി.എസ്. സ്ഥാപകൻ)
18 ചമ്പക്കുളത്തിന്റെ മുത്ത് ( പോരൂക്കര തോമ്മാ കത്തനാർ)
19. പാപം ചെയ്യാത്തവർ കല്ലെറിയട്ടെ
20. കൊരട്ടി മുത്തി
21. ഒരു രാജാവിന്റെ കഥ (ദാവീദ്)
22. തകരുന്ന കുടുംബങ്ങൾ
23. ആർ യു ക്രൈസ്റ്റ്
24. കുഴിവെട്ടുകാരൻ
25. രക്തസാക്ഷിയായ മാർ തോമ്മാ
26. ഒരു മദ്യപാനിയുടെ മാനസാന്തരം
27. ഒരു പകൽ കൊലപാതകത്തിന്റെ കഥ
28. ഹാഗാർ
29. മൊളോക്കോയിലെ വിശുദ്ധൻ
30. മാക്സ് മില്യൻ കോൾബേ
31. ബംഗ്ലാവിൽ ഔത
32. കൽക്കട്ടായിലെ അമ്മ (മദർ തെരേസ)
33. കടമറ്റത്തു കത്തനാർ
34. സർ തോമസ് മൂർ
35. ചുങ്കക്കാരൻ സക്കേവൂസ്
36. അന്ധനായ മനുഷ്യൻ
37. രക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസ്
38. കല്ലറ
39. യാക്കോബിന്റെ കിണർ
40. ആരാണ് എന്റെ അയൽക്കാരൻ
41. കണ്ണീരിന്റെ പുത്രൻ (വി. അഗുസ്തിനോസ്)
42. മരക്കച്ചവടക്കാരൻ
43. ആർസിലെ വിശുദ്ധൻ (വി. ജോൺ മരിയ വിയാനി)
44. സൂസന്ന
45. പാവങ്ങളുടെ പിതാവ് (വി. വിൻസെന്റ് ഡി പോൾ)
46. അത്താണി (ലിസ്സി ഹോസ്പിറ്റൽ)

47 നസ്രത്തിലെ തച്ചൻ

48 ഒരു നുണയുടെ കഥ

49. ജോബിന്റെ കണക്കുപുസ്തകം

50 ഒരു വിധവയും ഏഴു മക്കളും

51. കുടുംബ പ്രേഷിത വിശുദ്ധ മറിയം ത്രേസ്യാ

52. യൂദിത്ത് - ഇസ്രായേലിനെ രക്ഷിച്ച വനിത

53 - തവളപ്പാറ മാർക്കോസ് മുതലാളി

**ജീവചരിത്രം**

1. ഫാ. അഗസ്റ്റസ് തേക്കാനത്ത് സി.എം.ഐ.
2. പുരോഹിതൻ (ഫാ. ഫെററ് സി.എം.ഐ)

3 - പള്ളിപ്പുറത്തച്ചൻ (ആചാര്യ പാലയ്ക്കൽ തോമ്മാ മല്പാൻ)

**നാടകങ്ങൾ**

1. ജപമാല
2. നക്ഷത്രം കണ്ട വിജ്ഞാനികൾ
   വിശ്വരൂപം (The Last Supper)

**കവിത**

1. കവിതാസമാഹാരം

1. ഒറ്റപ്പെട്ടുപോയ പുരോഹിതൻ
2. ഒരു പുരോഹിതന്റെ കഥ
3. വിൻസെന്റിന് ലോട്ടറി അടിച്ചു


CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART